2025JANUARY
24
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







# ജന്മാവകാശ പൗരത്വം നിർത്തലാക്കുന്നത് ഭരണഘടനാ ലംഘനം; ട്രംപിന് തിരിച്ചടി

## തുടർനടപടികൾക്ക് താൽക്കാലിക സ്റ്റേ

**വാഷിങ്ടൺ:** യുഎസിൽ ജന്മാവകാശ പൗരത്വം അവസാനിപ്പിക്കാനുള്ള പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നീക്കത്തിന് തിരിച്ചടി. ട്രംപിന്റെ ഉത്തരവ് നടപ്പിലാക്കാനുള്ള നീക്കം സിയാറ്റിലിലെ ഫെഡറൽ ജഡ്ജ് താൽക്കാലികമായി തടഞ്ഞു. 14 ദിവസത്തേക്ക് തുടർനടപടികൾ സ്റ്റേ ചെയ്തതു.

ഉത്തരവ് നഗ്നമായ ഭരണഘടനാ ലംഘനമാണെന്ന് ജഡ്ജ് ജോൺ കോഗ്നോർ പറഞ്ഞു. വാഷിങ്ടൺ, അരിസോണ, ഇല്ലിനോയിസ്, ഒറിഗോൺ എന്നീ നാലു സംസ്ഥാനങ്ങളുടെ അഭ്യർഥന പ്രകാരം പരിഗണിച്ച കേസിലാണ് ട്രംപിന്റെ ഉത്തരവിന് താൽക്കാലിക സ്റ്റേ അനുവദിച്ചത്.



യുഎസ് മണ്ണിൽ ജനിക്കുന്ന എല്ലാ കുട്ടികൾക്കും പൗരത്വം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 14ാം ഭേദഗതിയുടെ നഗ്നമായ ലംഘനമാണ് ഉത്തരവെന്ന് വാദിച്ചാണ് ഡമോക്രാറ്റിക് നേതൃത്വത്തിലുള്ള സംസ്ഥാനങ്ങൾ താൽക്കാലിക നിയന്ത്രണം ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചത്.

ട്രംപ് അധികാരമേറ്റതിന് പിന്നാലെയാണ് ജന്മവകാശ പൗരത്വം ഒഴിവാക്കുന്ന ഉത്തരവിൽ ഒപ്പുവച്ചത്. പുതിയ ഉത്തരവനുസരിച്ച്, മാതാപിതാക്കളിലൊരാൾക്കെങ്കിലും പൗരത്വമോ ഗ്രീൻ കാർഡോ ഇല്ലെങ്കിൽ അവർക്ക് ജനിക്കുന്ന കുഞ്ഞിന് യുഎസിൽ പൗരത്വം ലഭിക്കില്ല. നിയമവിരുദ്ധമായി യുഎസിൽ കഴിയുന്നവരുടെയും താൽക്കാലത്തേക്കു വരുന്നവരുടെയും മക്കൾ യുഎസിന്റെ 'അധികാര പരിധിയിൽ' വരില്ലെന്ന് വ്യാഖ്യാനിച്ചാണ് ഉത്തരവ്.

# ക്രിസ്മസ് നവവത്സര ബംപറിന് റെക്കോഡ് വിൽപന

**തിരുവനന്തപുരം:** നറുക്കെടുപ്പിന് കേവലം 13 ദിനങ്ങൾ മാത്രം ബാക്കി നിൽക്കേ സംസ്ഥാന ഭാഗ്യക്കുറിയുടെ ഇത്തവണത്തെ ക്രിസ്മസ് നവവത്സര ബംപർ ടിക്കറ്റ് റെക്കോഡ് വിൽപന തുടരുന്നു. വിതരത്തിനു നൽകിയ 40 ലക്ഷം ടിക്കറ്റുകളിൽ വ്യാഴാഴ്ച വരെ 33,78,990 ടിക്കറ്റുകൾ വിറ്റു പോയി. കഴിഞ്ഞ വർഷത്തെ ക്രിസ്മസ് നവവത്സര ബംപർ ടിക്കറ്റു വില്പനയുമായി തട്ടിച്ചു നോക്കുമ്പോൾ 11 ലക്ഷത്തോളം ടിക്കറ്റുകൾ ഇത്തവണ അധികമായിട്ടാണ് വിറ്റു പോയിട്ടുള്ളത്.




ബമ്പർ ടിക്കറ്റു വില്പനയിൽ നിലവിൽ ഒന്നാം സ്ഥാനത്ത് 6, 95, 650 ടിക്കറ്റുകൾ വിറ്റഴിച്ച പാലക്കാട് ജില്ലയാണ്. 3,92, 290 ടിക്കറ്റുകൾ വിറ്റു കൊണ്ട് തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനത്തുണ്ട്. വില്പനയിൽ മൂന്നാം സ്ഥാനത്ത് 3,60, 280 ടിക്കറ്റുകൾ വിറ്റ് തൃശൂർ ജില്ലയുമാണുള്ളത്.

400 രൂപ ടിക്കറ്റു വിലയുള്ള ക്രിസ്മസ് നവവത്സര ബമ്പറിന് ഒന്നാം സമ്മാനം 20 കോടി രൂപയാണ് നൽകുന്നത്.20 പേർക്ക് ഒരു കോടി രൂപ വീതമാണ് രണ്ടാം സമ്മാനമായി നൽകുന്നത്. മൂന്നാം സമ്മാനം 10 ലക്ഷം വീതം ഓരോ പരമ്പരയ്ക്കും 3 വീതം ആകെ 30 പേർക്കും നൽകും.നാലാം സമ്മാനമായി 3 ലക്ഷം വീതം ഓരോ പരമ്പരക്കും 2 വീതം 20 പേർക്കും അഞ്ചാം സമ്മാനം 2 ലക്ഷം രൂപ വീതം ഓരോ പരമ്പരയ്ക്കും രണ്ടു വീതം 20 പേർക്കും നൽകുന്നുണ്ട്. ഫെബ്രുവരി 5ന് 2 മണിക്കാണ് നറുക്കെടുപ്പ്.

# ബിഎസ്എൻഎൽ വരിക്കാരുടെ എണ്ണത്തിൽ ഇടിവ്; ജിയോയ്ക്ക് വൻ നേട്ടം

**ന്യൂഡൽഹി:** 4 മാസത്തിന്റെ ഇടവേളയ്ക്കു ശേഷം വരിക്കാരുടെ എണ്ണത്തിൽ ബിഎസ്എൻഎലിന് ഇടിവ്. കഴിഞ്ഞ ജൂലൈയിൽ സ്വകാര്യ മൊബൈൽ കമ്പനികളുടെ താരിഫ് വർധനയ്ക്ക് ശേഷമുള്ള 4 മാസത്തിനിടെ മാത്രം 68 ലക്ഷം പുതിയ വരിക്കാരെയാണ് ബിഎസ്എൻഎൽ നേടിയത്. എന്നാൽ നവംബറിലെ ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ കണക്കുപ്രകാരം 3.4 ലക്ഷം വരിക്കാരെ നഷ്ടമായി.

താരിഫ് വർധന മൂലമുണ്ടായ നേട്ടം ബിഎസ്എൻഎലിന് പതിയെ നഷ്ടമാകുന്നുവെന്ന് വ്യക്തമാകുന്നതാണ് കണക്കുകൾ.4 മാസത്തിനിടെ 1.65 കോടി വരിക്കാരെ നഷ്ടപ്പെട്ട റിലയൻസ് ജിയോയ്ക്ക് നവംബറിൽ 12.12 ലക്ഷം വരിക്കാരെ പുതിയതായി ലഭിച്ചു. ഒക്ടോബറിൽ 19.28 ലക്ഷം വരിക്കാരെ നേടിയ എയർടെൽ കമ്പനിക്ക് നവംബറിൽ 11.36 ലക്ഷം വരിക്കാരെ നഷ്ടമായി.

4 മാസത്തിനിടെ 68.19 ലക്ഷം കണക്ഷനുകൾ നഷ്ടമായ വോഡഫോൺ,ഐഡിയയ്ക്ക് ഇക്കുറി 15.02 ലക്ഷം പേരെ കൂടി നഷ്ടമായി. കേരളത്തിൽ ബിഎസ്എൻഎലിന് 23,990 ഉപയോക്താക്കളെ നഷ്ടമായി.

# സ്വർണവില 60,000ന് മുകളിൽ തന്നെ

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവില മാറ്റമില്ലാതെ സർവകാല റെക്കോർഡിൽ തുടരുന്നു. ഇന്നലെ ഒരു പവൻ സ്വർണത്തിന്റെ വില 60,200 രൂപയാണ്. ഒരു ഗ്രാം സ്വർണത്തിന്റെ വില 7525 രൂപയാണ്.

2024 ഒക്ടോബർ 31ന് രേഖപ്പെടുത്തിയ 59,640 രൂപയാണ് ഏറ്റവും ഉയർന്ന സ്വർണവില. ഈ റെക്കോർഡും കടന്നാണ് ഇപ്പോൾ സ്വർണവില കുതിക്കുന്നത്. ഈ മാസത്തിൻറെ തുടക്കത്തിൽ 57,200 രൂപയായിരുന്നു ഒരു പവൻ സ്വർണ വില. ഇതു തന്നെയാണ് ഈ മാസത്തിലെ ഏറ്റവും താഴ്ന്ന നിലവാരം.






## ശ്രീ ഗോകുലം പബ്ലിക് സ്കൂൾ വാർഷികം ആഘോഷിച്ചു

**ചെന്നൈ:** ചെന്നൈ ചെങ്കൽപെട്ടിലുള്ള നെമ്മേലിയിലെ ശ്രീ ഗോകുലം പബ്ലിക് സ്കൂളിന്റെ പതിമൂന്നാം വാർഷികം ആഘോഷിച്ചു. ശ്രീ ഗോകുലം ശബരി ഹാളിൽ നടന്ന ആഘോഷത്തിൽ മുൻ തമിഴ്നാട് സർക്കാർ ചീഫ് സെക്രട്ടറി ഡോ. വി. ഇറൈ അൻപ് മുഖ്യ പ്രഭാഷണം നടത്തി. 'ശ്രീ ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനി ചെയർമാൻ ഗോകുലം ഗോപാലൻ, വൈസ് ചെയർമാൻ വി.സി.പ്രവീൺ, ജലജ ഗോപാലൻ, സ്കൂൾ വൈസ് ചെയർ പേഴ്സൺ ലിജിഷ പ്രവീൺ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ ഭദ്രദീപം തെളിയിച്ചു പരിപാടികൾക്ക് തുടക്കം കുറിച്ചു.കുട്ടികൾ മയക്കു മരുന്നുന്നിനും മൊബൈൽ ഫോണിനും അടിമയാകാൻ അനുവദിക്കാതെ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളുടെ പ്രധാന കടമയാണെന്ന് ഡോ. വി. ഇറൈ അൻപു മുഖ്യപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. കുട്ടികൾക്ക് ഏതു വിഷയം പഠിക്കാനാണോ താല്പര്യം അതിൽ അവർക്ക് വിദ്യാഭ്യാസം കൊടുക്കുക, അതാണ് അവരുടെ ഭാവിക്കും, സമൂഹത്തിനും നല്ലത്. ഓരോ വിദ്യാർത്ഥിക്കും റോൾ മോഡൽ തങ്ങളുടെ മാതാപിതാക്കളായിരിക്കണം. അതിനനുസരിച്ചായിരിക്കണം മാതാപിതാക്കളുടെ പ്രവർത്തികളെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ലിജിഷ പ്രവീൺ, സ്കൂൾ പ്രിൻസിപ്പൽ ഡോ.കെ.ശങ്കരനാരായണൻ തുടങ്ങിയവർ സ്കൂളിന്റെ പ്രവർത്തനങ്ങൾ കുറിച്ച് സംസാരിച്ചു.സ്കൂൾ വിദ്യാർത്ഥികളുടെ കലാ പരിപാടികളും അരങ്ങേറിയ ഈ ചടങ്ങിൽ വിവിധ മേഖലകളിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് പുരസ്കാരങ്ങളും സമ്മാനിച്ചു.

## മീഡിയ അവാർഡിന് നോമിനേഷൻ ക്ഷണിച്ചു

**കൊച്ചി:** മികച്ച ബിസിനസ് റിപ്പോർട്ടിന് നൽകുന്ന മീഡിയ എക്സലൻസി അവാർഡിന് നോമിനേഷൻ ക്ഷണിച്ചു. ഫെബ്രുവരി 5ന് അകം ലഭിക്കുന്ന നോമിനേഷനുകൾ വിദഗ്ദ ജൂറി പരിശോധിച്ച് അന്തിമ തീരുമാനം എടുക്കും. മീഡിയ എക്സലൻസി അവാർഡിന് നോമിനേഷൻ സമർപ്പിക്കുമ്പോൾ 2024ലെ മീഡിയ റിപ്പോർട്ടും റെസ്യൂമെയും റിപ്പോർട്ടറുടെ ഫോട്ടോയും നോമിനേഷനോടൊപ്പം ഉൾപ്പെടുത്തിയിരിക്കണം. പ്രൊഫഷണൽ അസോസിയേഷൻ ഫോർ ഗ്ലോബൽ കമ്മ്യൂണിറ്റി എൻഹാൻസ്മെൻറിന്റെ (പാഗ്സ്) യും എസെഞ്ചറിൻറെയും നേതൃത്വത്തിൽ ഫെബ്രുവരി 20 വ്യാഴാഴ്ച രാവിലെ 9 മണി മുതൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ ജംഗ്ഷനിലെ ഹോട്ടൽ സൂര്യ ഇൻറർനാഷണലിൽ വച്ച് നടക്കുന്ന ലൈഫ് ചേഞ്ചേഴ്സ് ബിസിനസ് കോൺക്ലേവ് 2025 ൽ വെച്ച് ഇലക്ട്രിസിറ്റി ബോർഡ് ഓംബുഡ്സ്മാനും സിയാൽ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ എ.സി.കെ നായർ അവാർഡ് സമ്മാനിക്കും. അവാർഡ് ദാന സമ്മേളനം കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം സി ദിലീപ് കുമാർ ഉദ്ഘാടനം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് പേര് വാട്സാപ്പ് ചെയ്യുക: 9895133311.

## ഗുരുദേവൻ-മഹാത്മജി സമാഗമ ശതാബ്ദി സമ്മേളനം ശിവഗിരിയിൽ മാർച്ച് 12 ന്

**ശിവഗിരി:** ഗുരുദേവൻ-മഹാത്മാഗാന്ധി സമാഗമത്തിൻറെ ശതാബ്ദി സമ്മേളനം മാർച്ച് 12 ന് ശിവഗിരിയിൽ നടക്കും. മഹാത്മാഗാന്ധിയുടെയും ഭാരതത്തിൻറെയും ചരിത്രത്തിലെ ശ്രദ്ധേയമായ സംഭവമായിരുന്നു ഇരുവരും തമ്മിൽ നടന്ന കൂടിക്കാഴ്ച. ഇന്ത്യയിലെ അയിത്തോച്ചാടന പ്രസ്ഥാനം, ഹരിജനോദ്ധാരണം, ഇന്ത്യൻ സ്വാതന്ത്ര്യ സമരം തുടങ്ങിയവയിൽ ഗുരുദേവൻ മഹാത്മജിയിലൂടെ ചെലുത്തിയ ശക്തമായ സ്വാധീനം ഈ കൂടിക്കാഴ്ചയിലൂടെ തെളിഞ്ഞുകാണാനാവുന്നതാണ്.

ഗുരുദേവൻ-ഗാന്ധി കൂടിക്കാഴ്ചയെക്കുറിച്ച് പഠനം നടത്തിയ മാർത്തോമാസഭയുടെ ദാർശനികാചാര്യനായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി മെത്രാപ്പോലീത്ത ഗുരുദേവൻ ഗുരുസ്ഥാനത്തും ഗാന്ധിജി ശിഷ്യസ്ഥാനത്തുമായിരിന്നുകൊണ്ടാണ് ഈ കൂടിക്കാഴ്ച എന്നാണഭിപ്രായപ്പെട്ടത്.

ശിവഗിരിയിൽ നടക്കുന്ന ശതാബ്ദി സമ്മേളനത്തിൽ മഹാത്മാഗാന്ധിയുടെ ചെറുമകൻ തുഷാർ ഗാന്ധി പങ്കെടുക്കും. ഭാരതത്തിൻറെ വിവിധ പ്രദേശങ്ങളിൽ നിന്നും പ്രശസ്ത ഗാന്ധിയൻമാരും ഗുരുദേവദാർശനിക പഠിതാക്കളും ശിവഗിരി മഠത്തിലെ സന്യാസിമാരും സമ്മേളനത്തിൽ പങ്കെടുക്കും. സമ്മേളനം വിജയപ്രദമാകുന്നതിനാവിശ്യമായ ഒരുക്കങ്ങൾ ശിവഗിരി മഠത്തിൻറെയും ഗുരുധർമ്മപ്രചരണസഭയുടെയും നേതൃതത്തിൽ നടന്നുവരികയാണെന്ന് ധർമ്മസംഘം പ്രസിഡൻറ് സച്ചിദാനന്ദസ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദസ്വാമി, ട്രഷറർ ശാരദാനന്ദസ്വാമി എന്നിവർ അറിയിച്ചു.




പാലക്കാട്ടെ ബ്രൂവറി ഡിസ്റ്റിലറി അനുമതിക്കെതിരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന കമ്മറ്റിയുടെയും കേരള മദ്യവിരുദ്ധ ഏകോപന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സമരജ്വാല' സമരപരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയോഡോഷ്യസ് സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിളക്ക് ദീപശിഖ കൈമാറി നിർവ്വഹിക്കുന്നു. ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ, അഡ്വ. ചാർളി പോൾ, സി.എക്സ്. ബോണി, ഫാ. ജോസഫ് ഷെറിൻ, ഫാ. ആന്റണി അറയ്ക്കൽ, ജെയിംസ് കൊറമ്പേൽ, ഷൈബി പാപ്പച്ചൻ എന്നിവർ സമീപം.

## ബ്രൂവറി ഡിസ്റ്റിലറി വിനാശകരമായ തീരുമാനം സർക്കാർ പിൻവലിക്കണം: ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്

**കൊച്ചി:** പാലക്കാട്ട് സ്വകാര്യ കമ്പനിക്ക് ബ്രൂവറി ഡിസ്റ്റിലറി അനുമതി നൽകിയ സർക്കാരിന്റെ വിനാശകരമായ തീരുമാനം പിൻവലിക്കണമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയോഡോഷ്യസ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന കമ്മറ്റിയുടെയും, കേരള മദ്യവിരുദ്ധ ഏകോപന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമരജ്വാല സമരപരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം കച്ചേരിപ്പടി ഗാന്ധി സ്ക്വയറിൽ നിർവ്വഹിക്കുകയായിരുന്നു ബിഷപ്. തെരഞ്ഞെടുപ്പ് പ്രകടനപത്രികയോട് അല്പമെങ്കിലും കൂറ് പുലർത്തുന്നുവെങ്കിൽ അതിനെ അട്ടിമറിക്കരുത്. നിങ്ങൾ അന്ന് പറഞ്ഞത് മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യ വിപത്തായി മാറിയിരിക്കുന്നു എന്നാണ്. മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും കുറച്ചുകൊണ്ടുവരുന്ന നയമായിരിക്കും ഇടതുപക്ഷ മുന്നണി സ്വീകരിക്കുക എന്നും പറഞ്ഞിരുന്നു. എന്നാൽ ആ നിലപാടിന് കടകവിരുദ്ധമായി 29 ബാറുകൾ മാത്രമുണ്ടായിരുന്നിടത്ത് ആയിരത്തിലധികം ബാറുകളും നൂറുകണക്കിന് മറ്റ് തരത്തിലുള്ള മദ്യശാലകളും തുറന്നുകൊടുത്തു. സർവ്വനാശത്തിനായി ഇപ്പോഴിതാ ബ്രൂവറി ഡിസ്റ്റിലറികൾക്കും അനുമതി നല്കി. സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും മദ്യം വ്യാപകമാക്കുമ്പോൾ തന്നെ മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളെ തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിർവ്വീര്യമാക്കി 2017 ൽ പഞ്ചായത്തിരാജ് നഗരപാലിക 232, 447 വകുപ്പുകൾ എടുത്തുകളഞ്ഞ് ഈ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കി. ഈ നയം തിരുത്തണം. അല്ലാത്തപക്ഷം ശക്തമായ സമരപരിപാടികളിലേക്ക് കടക്കും. ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, ഏകോപനസമിതി ജനറൽ സെക്രട്ടറി അഡ്വ. ചാർളി പോൾ, ഫാ. ആന്റണി അറയ്ക്കൽ, ഫാ. ജോസഫ് ഷെറിൻ, ജെയിംസ് കൊറമ്പേൽ, സി.എക്സ്. ബോണി, ഷൈബി പാപ്പച്ചൻ, കുരുവിള മാത്യൂസ്, ടി.എം. വർഗീസ്, ജെസി ഷാജി, കെ.കെ. വാമലോചനൻ, എം.എൽ. ജോസഫ്, എം.ഡി. റാഫേൽ, അലക്സ് മുല്ലാപറമ്പൻ, ജോൺസൺ പാട്ടത്തിൽ, രാധാകൃഷ്ണൻ കണ്ടുങ്കൽ, എന്നിവർ പ്രസംഗിച്ചു.

## എന്റെ ഭൂമി സർവേ പദ്ധതി രാജ്യത്തിന് മാതൃക : മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** കേരളത്തിന്റെ ഡിജിറ്റൽ സർവേ പദ്ധതിയായ എന്റെ ഭൂമി രാജ്യത്തിന് മുഴുവൻ മാതൃകയാണെന്നും മികവുറ്റ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഏകീകൃത പോർട്ടലിലൂടെ ഡിജിറ്റൽ ലാൻഡ് സർവേ സാധ്യമാക്കുന്നതിൽ കേരളം മുൻപന്തിയിലാണെന്നും റവന്യൂ വകുപ്പ് മന്ത്രി രാജൻ. ഡിജിറ്റൽ ഭൂവിനിയോഗത്തിലൂടെ സാമൂഹ്യ വികസനം, സാമ്പത്തിക വളർച്ച, ഭൂമിതർക്കങ്ങളുടെ പരിഹാരം, തദ്ദേശതലത്തിലുള്ള സമഗ്രവികസനം എന്നിവയും നടപ്പിലാക്കാനാകും. കേരള സംസ്ഥാന സർവ്വേ ഡയറക്ടറേറ്റ് പുതുച്ചേരി സർവേ ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

2021 ൽ ആരംഭിച്ച ഡിജിറ്റൽ സർവേ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. കൃത്യമായ സർവേ പ്രക്രിയ ഉറപ്പുവരുത്തുന്നതിനായി 28 കണ്ടിന്യൂസിലി ഓപ്പറേറ്റിങ് റഫറൻസ് സ്റ്റേഷനുകൾ, റിയൽ ടൈം കൈനമാറ്റിക് സംവിധാനങ്ങൾ, 200 റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങളും സോഫ്റ്റ്‌വെയർ അധിഷ്ഠിത ഓൺസൈറ്റ് ഡാറ്റാ പ്രോസസ്സിംഗ് സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർവേ ഡയറക്ടറേറ്റിൽ കേന്ദ്രീകൃത മോണിറ്ററിങ് കൺട്രോൾ സെന്ററുമുണ്ട്. ആന്ധ്രപ്രദേശ്, പുതുച്ചേരി, തമിഴ്നാട്, അസം തുടങ്ങിയ വിവിധ സംസ്ഥാനങ്ങൾ കേരളത്തിന്റെ സർവേ മോണിറ്ററിങ് സംവിധാനങ്ങൾ പഠിക്കാനും സ്വീകരിക്കാനും താല്പര്യം പ്രകടിപ്പിച്ചത് സന്തോഷകരമാണ്. കേന്ദ്ര സർക്കാരിന്റെ ഭൂവിഭവ വകുപ്പ് ആസാം സംസ്ഥാനത്തിന് സർവ്വേയുമായി ബന്ധപ്പെട്ട സഹായങ്ങളും ഐ ടി സൊല്യൂഷ്യനുകളും നല്കാൻ കേരളത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നതും ഭൂവിനിയോഗത്തിലും ഡിജിറ്റൽ സർവേ മേഖലയിലുമുള്ള കേരളത്തിന്റെ നേതൃത്വം വ്യക്തമാക്കുന്നതാണെന്ന് മന്ത്രി പറഞ്ഞു.

സർവേ ഡയറക്ടർ സീറാം സാംബശിവ റാവു അധ്യക്ഷത വഹിച്ച ചടങ്ങിൽ പുതുച്ചേരി ജില്ലാ കളക്ടറും റവന്യു സ്പെഷ്യൽ സെക്രട്ടറിയുമായ എ കുലോത്തുങ്കൻ, പുതുച്ചേരി സർവേ ഡയറക്ടർ സി സെന്തിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

പുതുച്ചേരി സർവേ വകുപ്പിൽ നിന്നുള്ള 30 ഉദ്യോഗസ്ഥർക്ക് വേണ്ടി ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചിരിക്കുന്നത്. സമഗ്ര ഇന്റഗ്രേറ്റഡ് പോർട്ടലായ എന്റെ ഭൂമി പദ്ധതിയുടെ പ്രവർത്തനങ്ങൾ, സാങ്കേതിക വികസനങ്ങൾ, നടപ്പിലാക്കിയിട്ടുള്ള നവീന മാതൃകകൾ തുടങ്ങിയവ പരിശീലന പരിപാടിയിൽ വിശദീകരിക്കും.




എറണാകുളം കലൂരിലെ കൊച്ചിൻ ഐ.എം.എ ഹൗസിൽ സ്ഥാപിച്ച സോളാർ പ്ലാന്റിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് നിർവ്വഹിക്കുന്നു. ഡോ.അതുൽ ജോസഫ് മാനുവൽ, ഡോ. ബൻസീർ ഹുസൈൻ, ഡോ. സച്ചിൻ സുരേഷ്, ഡോ. ജേക്കബ് എബ്രാഹം, ഡോ.വി.പി.കുര്യൈയ്പ്പ്, ഡോ. എസ്.സച്ചിദാനന്ദ കമ്മത്ത്,ഡോ. എം.എം.ഹനീഷ് എന്നിവർ സമീപം.

# കൊച്ചിൻ ഐ.എം.എയിൽ സൗരോർജ്ജപ്ലാന്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചിൻ ഐ.എം.എ ഹൗസിൽ മൂന്നു കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിച്ച 326 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷർ ഡോ.ബെൻസിർ ഹുസൈൻ, പ്രസിഡന്റ് ഇലക്ട് ഡോ. അതുൽ ജോസഫ് മാനുവൽ, ഐഎംഎ ഹൗസ് ചെയർമാൻ ഡോ. വി.പി കുര്യയ്പ്പ്, കൺവീനർ ഡോ. സച്ചിദാനന്ദ കമ്മത്ത്, മുൻ പ്രസിഡന്റ് ഡോ. എം.എം ഹനീഷ് തുടങ്ങിയവർ സംസാരിച്ചു. ഐ.എം.എ ഹൗസിന്റെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതിയുടെ 40 മുതൽ 50 ശതമാനം വരെ ഇതിലൂടെ ലഭിക്കുമെന്ന് ഐ.എം.എ പ്രസിഡന്റ് ഡോ. ജേക്കബ് എബ്രാഹം പറഞ്ഞു.

## വേമ്പനാട് ഗവേഷണ പദ്ധതി: വിവിധ സംരംഭങ്ങൾ ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ലോക ആരോഗ്യ സംഘടന (ഡബ്ല്യൂ എച്ച് ഒ) മുൻ ചീഫ് സയന്റിസ്റ്റ് ഡോ സൗമ്യ സ്വാമിനാഥൻ ഇന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ സന്ദർശനം നടത്തും. രാവിലെ 10ന് പ്ലാറ്റിനം ജൂബിലി ഹാളിൽ നടക്കുന്ന ചടങ്ങിൽ, വേമ്പനാട് കായലിലെ ജലഗുണനിലവാരത്തെ കുറിച്ചും ജലജന്യ പകർച്ചവ്യാധികളെ കുറിച്ചുമുള്ള ഗവേഷണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച വിവിധ സംരഭങ്ങൾ അവർ ഉദ്ഘാടനം ചെയ്യും.കായലിലെ വെള്ളത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനുള്ള വാട്ടർ ക്ലിനിക്, ശുചിത്വരീതികളെ കുറിച്ചുള്ള സർവേ നടത്തുന്നതിനാവശ്യമായ ക്ലെൻസ് ആപ്, ജലത്തിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് ഗവേഷകരെയും പൊതുജനങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യമായ അക്വാഡിപ് ആപ്പ്, തീരമേഖലയിലെ ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട ഡേറ്റബേസ് എന്നിവ ഡോ സൗമ്യ സ്വാമിനാഥൻ ഉദ്ഘാടനം ചെയ്യും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിക്കും.സിഎംഎഫ്ആർഐ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, നാൻസൺ എൺവയൺമെന്റൽ റിസർച്ച് സെന്റർഇന്ത്യ എന്നിവർ സംയുക്തമായാണ് വേമ്പനാട് കായലിലെ വിബ്രിയോ ബാക്ടീരിയകളുടെ സാന്നിധ്യം, മലിനീകരണം, പരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്നത്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇന്നവേഷൻ: ധാരണാപത്രമായി

**കോട്ടയം:** ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ സ്ഥാപിക്കുന്ന സെന്റർ ഓഫ് എക്സലൻസിന്റെ (മികവിന്റെ കേന്ദ്രം) ധാരണാപത്രം കൈമാറി. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർപേഴ്സൺ കൂടിയായ മന്ത്രി ബിന്ദുവിന്റെ സാന്നിദ്ധ്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിലാണ് ധാരണാപത്രം കൈമാറിയത്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇന്നവേഷൻ (കെഐഎസ്ടിഐ) എന്ന പേരിലാണ് ഈ കേന്ദ്രമെന്ന് മന്ത്രി അറിയിച്ചു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോളനിലവാരത്തിൽ എത്തിക്കാൻ സ്ഥാപിക്കുന്ന ഏഴ് മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നാണിത്. കേരള സർക്കാറിന്റെയും കേരളത്തിൽ നിന്നുള്ള ശാസ്ത്രജ്ഞരുടെയും സാങ്കേതികവിദഗ്ധരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ സ്ഥാപിക്കുന്ന സംരംഭമായിട്ടാണ് ഈ കേന്ദ്രത്തെ വിഭാവനം ചെയ്തിരിക്കുന്നത്. വിപുലമായ ശാസ്ത്ര ഗവേഷണത്തിനുള്ള പ്രധാന അന്തർദേശീയ കേന്ദ്രം വികസിപ്പിക്കുകയാണ് ഇതുവഴി. സുസ്ഥിര ഇന്ധനങ്ങൾ, മാലിന്യ സംസ്കരണം, നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയലുകൾ, സിസ്റ്റംസ് ബയോളജി, ബിഗ് ഡാറ്റ അനലിറ്റിക്സ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിംഗ് തുടങ്ങി സമകാലീന വിഷയമേഖലകളിൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമായ ഗവേഷകസമൂഹത്തെ സൃഷ്ടിക്കാനുതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഇവിടെ നടക്കും.

കേരളത്തിന്റെ ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ചയ്ക്കും ആഗോള നിലവാരത്തിലുള്ള ഗവേഷണവിദ്യാഭ്യാസ സാധ്യതകൾക്കും വേണ്ടിയുള്ള മികച്ച ഗവേഷണ കേന്ദ്രമായി കെഐഎസ്ടിഐ മാറും. ശാസ്ത്ര, സാങ്കേതിക ഗവേഷണങ്ങളിലും നൂതന ആശയങ്ങൾ വികസിപ്പിച്ച് സംരംഭങ്ങളാക്കി മാറ്റുന്നതിലും മാതൃകാപരമായ പ്രവർത്തനം നടത്തിവരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ഈ മേഖലകളിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സെന്റർ ഓഫ് എക്സലൻസ് വഴിതെളിക്കും മന്ത്രി പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ നിയമസഭാ ഓഫീസ് ചേംബറിൽ നടന്ന ചടങ്ങിലാണ് ധാരണാപത്രങ്ങൾ കൈമാറിയത്.

ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിതാ റോയ്, ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ പ്രതിനിധീകരിച്ചു വൈസ് ചെയർമാൻ പ്രൊഫസർ രാജൻ ഗുരുക്കൾ, മെമ്പർ സെക്രട്ടറി പ്രൊഫസർ രാജൻ വർഗീസ്, മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, അരുൺ കെ. ശശീന്ദ്രൻ, സെന്റർ ഓഫ് എക്സലൻസ് കോഓർഡിനേറ്റർ ഡോ. ഇ.കെ രാധാകൃഷ്ണൻ എന്നിവർ സന്നിഹിതരായിരുന്നു.

## വാക് ഇൻ ഇന്റർവ്യു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനായി ഫെബ്രുവരി 5ന് രാവിലെ 11ന് വാക് ഇൻ ഇന്റർവ്യു നടത്തും. സയൻസ് വിഷയങ്ങളിൽ പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യ പരീക്ഷകളിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക്/ ബിഗ്രേഡ് ആണ് യോഗ്യത. ക്ലാസ് 1 ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസിസ്റ്റന്റ് ടെസ്റ്റും, എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതയും 15 വർഷം സൈനിക സേവന പരിചയമുള്ള വിമുക്ത ഭടന്മാർക്കും അപേക്ഷിക്കാം.

കേരളത്തിലെ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവിടങ്ങളിൽ നിന്നുള്ള ഒരുവർഷ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ ട്രെയിനിംഗ് കോഴ്സ്/തത്തുല്യ സാങ്കേതിക യോഗ്യതയും, ഡി.എം.ഇ സർട്ടിഫിക്കറ്റും ആവശ്യമാണ്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2386000.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സംഘടിപ്പിക്കുന്ന 'ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീ സ്കൂൾ മാനേജ്മെന്റ്' കോഴ്സ് ആദ്യ ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി / തത്തുല്യ കോഴ്സിൽ വിജയവും ഉയർന്ന പ്രായപരിധി 45 വയസുമാണ്.

നിലവിൽ വിവിധ വകുപ്പുകളിൽ ആയമാരായി സേവനം അനുഷ്ഠിക്കുന്നവർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. ജനുവരി 24 മുതൽ www.scolekerala.org വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഫെബ്രുവരി 10 വരെയും 100 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം.

വിദ്യാർഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം12 എന്ന വിലാസത്തിൽ സ്പീഡ് /രജിസ്ട്രേഡ് തപാൽ മാർഗ്ഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2342950, 2342271, 2342369.

## ടെണ്ടർ ക്ഷണിച്ചു

**കൊല്ലം:** അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിന്റെ ഉപയോഗത്തിനായി 202425 സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറുകളിൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ജനുവരി 30 ഉച്ചയ്ക്ക് ഒരു മണിവരെ സ്വീകരിക്കും. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കുളത്തുപ്പുഴയിൽ പ്രവർത്തിക്കുന്ന അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിൽ നിന്നും അറിയാം. ഫോൺ: 8075016432.

## വയർമാൻ ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**തൃശൂർ:** ചാലക്കുടി ഗവ. ഐ.ടി.ഐ യിൽ വയർമാൻ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നു. പി.എസ്.സിയുടെ സംവരണ, സംവരണേതര ചാർട്ട് പ്രകാരം ഒ.സി വിഭാഗത്തിൽ നിന്നുമാണ് നിയമനം നടത്തുന്നത്.

യോഗ്യത ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക് എഞ്ചിനീയറിങ് എന്നിവയിൽ എ.ഐ.സി.ടി.ഇ/ യു.ജി.സി അംഗീകൃത കോളജുകളിൽ നിന്നുള്ള ബിരുദവും ഒരുവർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ അംഗീകൃത കോളേജുകളിൽ നിന്നും ഈ വിഷയങ്ങളിലുള്ള മൂന്നു വർഷ ഡിപ്ലോമയും/ ഡി.ജി.ടി യിൽ നിന്നുള്ള അഡ്വാൻസ്ഡ് ഡിപ്ലോമയും (വൊക്കേഷണൽ) രണ്ടു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ വയർമാൻ ട്രേഡിൽ എൻ.ടി.സി/ എൻ.എ.സിയും മൂന്നു വർഷത്തെ പ്രവർത്തി പരിചയവും. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി 25 ന് രാവിലെ 10.30 ന് ഐ.ടി.ഐ യിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 0480 2701491.

## താൽക്കാലിക നിയമനം

**തൃശൂർ:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോം, ഗവ. ഒബ്സർവേഷൻ ഹോം, ഗവ. പ്ലേസ് ഓഫ് സേഫ്റ്റി എന്നീ സ്ഥാപനങ്ങളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ വിവിധ തസ്തികകളിൽ നിയമനം നടത്തുന്നു.

കെയർ ടേക്കർ, കുക്ക്, വാച്ച്മാൻ എന്നീ തസ്തികകളിലേക്ക് കുട്ടികളുടെ സംരക്ഷണത്തിൽ പ്രവർത്തി പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. കെയർ ടേക്കർ തസ്തികയിലേക്ക് പ്ലസ്ടു/ പ്രീഡിഗ്രി തതുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ ഒരു വർഷത്തെ പ്രവർത്തി പരിചയം അഭികാമ്യം.

എട്ടാം തരം പാസ്സായ പാചക കലയിൽ പ്രവർത്തി പരിചയമുള്ളവർക്ക് കുക്കിന്റെ ഒഴിവിലേക്ക് അപേക്ഷിക്കാം. വാച്ച്മാന്റെ ഒഴിവിലേക്ക് ഏഴാം തരം പാസ്സായ സെക്യൂരിറ്റി സർവ്വീസിൽ പ്രവർത്തി പരിചയമുള്ളവർക്ക് അപേക്ഷിക്കാം.

താൽപര്യമുള്ളവർ ജനുവരി 29 ന് രാവിലെ 10.30 ന് തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോമിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ യോഗ്യത, പരിചയം തുടങ്ങിയവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുമായി ഹാജരാകണം.

# നാൽപതിന്റെ നിറവിൽ എറണാകുളം മെഡിക്കൽ സെന്റർ

**കൊച്ചി:** എറണാകുളം മെഡിക്കൽ സെന്റർ ആശുപത്രി നാൽപതിന്റെ നിറവിൽ. നാളെ (2025 ജനുവരി 25) വൈകിട്ട് 6ന് കൊച്ചി ഐ.എം.എ ഹൗസിൽ വിപുലമായ ആഘോഷം സംഘടിപ്പിക്കുമെന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. ടി.വി.രവി, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സി.ജി.രഘു, മെഡിക്കൽ ഡയറക്ടർ ഡോ.അനു അശോകൻ എന്നിവർ പറഞ്ഞു.

1985 ജനുവരി 25നാണ് പാലാരിവട്ടം ബൈപാസിൽ ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. 1980ൽ പാലാരിവട്ടവും, കാക്കനാട് പ്രദേശവും തികച്ചും ഗ്രാമീണ മേഖലയായിരുന്നു. മികച്ച ആശുപത്രി സൗകര്യങ്ങൾ ഈ പ്രദേശത്ത് ഇല്ലാത്ത സാഹചര്യത്തിലാണ് ടി.എ.വേലുണ്ണി, സി.ഐ. ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ ഡോക്ടർമാർ ഉൾപ്പെടെ 40 ജീവനക്കാരുമായി അഞ്ച് നിലകെട്ടിടത്തിൽ 50 ബെഡ് സൗകര്യത്തോടെ എറണാകുളം മെഡിക്കൽ സെന്റർ (ഇ.എം.സി) ആരംഭിച്ചത്.

ഇപ്പോൾ എൻ.എ.ബി.എച്ച് അക്രഡിറ്റേഷന് പുറമെ ബെഡ്ഡുകളുടെ എണ്ണം 250 ആയും ഡോക്ടർമാരുടെ എണ്ണം 93 ആയും ജീവനക്കാരുടെ എണ്ണം 830 ആയും വർദ്ധിച്ചു. 15ലക്ഷത്തിലധികം രോഗികൾക്ക് മികച്ച ചികിത്സയും ലഭ്യമാക്കിയിട്ടുണ്ട്.



ഗ്യാസ്ട്രോഎൻട്രോളജി, കാർഡിയോളജി, ന്യൂറോളജി, ന്യൂറോ സർജറി, എൻഡോക്രൈനോളജി, നെഫ്രോളജി, ഓങ്കോളജി, പീഡിയാട്രിക് സർജറി, നിയോനേറ്റോളജി, ഓറൽ&മാക്സിലോ ഫേഷ്യൽ ഓർത്തോപീഡിക് സർജറി, ബേൺസ് യൂണിറ്റ്, പൾമനോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ 30ൽ പരം ചികിത്സാ വിഭാഗങ്ങൾ നിലവിൽ ഉണ്ട്. കൂടാതെ നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷന്റെ അംഗീകാരത്തോടെ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഓർത്തോപീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തേഷ്യോളജി എന്നീവിഭാഗങ്ങളുടെ ബിരുദാനന്തര ബിരുദ (ഡി.എൻ.ബി) കോഴ്സിന്റെ സെന്റർ കൂടിയാണ് ആശുപത്രിയെന്ന് ഡോ. ടി.വി.രവി പറഞ്ഞു. 40ാം വാർഷികാഘോഷത്തിന്റെ ഭാഗമായി നഗരത്തിലെ ഓട്ടോറിക്ഷ ഡ്രൈവർമാർക്കായി സൗജന്യ കേൾവി പരിശോധന ക്യാമ്പുകളും സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നാളെ (25.01.2025) കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ചിരിക്കുന്ന വാർഷിക ആഘോഷ ചടങ്ങ് കൊച്ചി ഐ.എം.എ പ്രസിഡന്റ് ഡോ.ജേക്കബ് എബ്രാഹം ഉദ്ഘാടനം ചെയ്യും.

ചടങ്ങിൽ ഏറ്റവും കൂടുതൽ കാലം സേവനം ചെയ്ത ജീവനക്കാരെ ആദരിക്കും. ഇ.എം.സി മെഡിക്കൽ സൂപ്രണ്ട് ഡോ. വി.പി.കുര്യൈയ്പ്പ്, രാംനാഥ് ആന്റ് കമ്പനി ഡയറക്ടർമാരായ രാംനാഥ്, വിജയ് രാംനാഥ് തുടങ്ങിയവർ പ്രസംഗിക്കും.

# മഞ്ഞനിക്കര പെരുന്നാളിന് വിപുലമായ ഒരുക്കം


**പത്തനംതിട്ട:** മഞ്ഞനിക്കര ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 93ാമത് ഓർമപ്പെരുന്നാളിനോടനുബന്ധിച്ച ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നതായി ദയറാ തലവനും ദക്ഷിണമേഖല സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്തയുമായ ഗീവർഗീസ് മാർ അത്താനാസിയോസ്, ജനറൽ കൺവീനർ കമാൻഡർ ടി.യു. കുരുവിള എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

ലബനനിലെ സിറിയൻ ഓർത്തഡോക്സ് പാട്രിയാർക്കേറ്റിലെ സുറിയാനി പഠന വിഭാഗത്തിൻറെ പാത്രിയർക്കാ വികാരിയും പരിശുദ്ധ പാത്രിയാർക്കീസ് ബാവായുടെ പ്രത്യേക സ്ഥാനപതിയുമായ മാർ സേവേറിയോസ് റോജർ അക്രാസ് മെത്രാപ്പോലീത്ത ഏഴ്, എട്ട് തീയതികളിൽ പെരുന്നാൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകും.

ഫെബ്രുവരി രണ്ടിനു രാവിലെ എട്ടിന് ദയറാ കത്തീഡ്രലിൽ നടക്കുന്ന വിശുദ്ധ മൂന്നിന്മേൽ കുർബാനയ്ക്ക് മെത്രാപ്പോലീത്തമാരായ ഗീവർഗീസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ തേവോദോസിയോസ്, കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് എന്നിവർ കാർമികരാകും. തുടർന്ന് കത്തീഡ്രൽ അങ്കണത്തിൽ പാത്രിയർക്കാ പതാക ഉയർത്തും.

യാക്കോബായ സഭയിലെ എല്ലാ ദേവാലയങ്ങളിലും അന്നേദിവസം പതാക ഉയർത്തും. വൈകുന്നേരം ആറിന് ഓമല്ലൂർ കുരിശിങ്കലും പാത്രിയർക്കാ പതാക ഉയർത്തും.

മൂന്നിനു വൈകുന്നേരം സന്ധ്യാനമസ്കാരത്തേത്തുടർന്ന് ഏഴിന് കൺവൻഷൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ഫാ. മാത്യൂസ് തോക്കുപാറ പ്രസംഗിക്കും. നാലിനു രാവിലെ 9.30ന് തുമ്പമൺ ഭദ്രാസന വനിതാ സമാജം ധ്യാനയോഗത്തിന് തൂത്തൂട്ടി ധ്യാന കേന്ദ്രം ഡയറക്ടറും ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്തായുമായ സക്കറിയ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത നേതൃത്വം നൽകും. രാത്രി ഏഴിന് കൺവൻഷൻ യോഗത്തിൽ ഫാ. ബിജു പാറേക്കാട്ടിൽ പ്രസംഗിക്കും.



അഞ്ചിനു വൈകുന്നേരം ആറിന് ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പത്തനംതിട്ട ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ നിർവഹിക്കും. നിർധനരായ 93 പേർക്ക് അരിയും വസ്ത്രങ്ങളും വിതരണംചെയ്യും. രാത്രി 7.30ന് ഫാ. അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ പ്രസംഗിക്കും. ആറിനു രാവിലെ 7.30ന് വിശുദ്ധ കുർബാന. ഏഴിനു രാവിലെ 7.30 ന് മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിലും മാത്യൂസ് മാർ തിമോത്തിയോസ്, ഗീവർഗീസ് മാർ സ്തേഫാനോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകാർമികത്വത്തിലും വിശുദ്ധ മൂന്നിന്മേൽ കുർബാന. വിവിധ ഭാഗങ്ങളിൽനിന്നെത്തുന്ന തീർഥാടകരെയും കാൽനട തീർഥയാത്ര സംഘങ്ങളെയും ഏഴിന് ഉച്ചകഴിഞ്ഞ് മൂന്നു മുതൽ ഓമല്ലൂർ കുരിശിങ്കൽ മെത്രാപ്പോലീത്തമാരും പെരുന്നാൾ സംഘാടക സമിതിയും മാർ സ്തേഫാനോസ് ഇടവകയും ചേർന്നു സ്വീകരിക്കും. വൈകുന്നേരം അഞ്ചിന് സന്ധ്യാപ്രാർഥന. ആറിനു നടക്കുന്ന പൊതുസമ്മേളനം പരിശുദ്ധ പാത്രീയാർക്കീസ് ബാവായുടെ പ്രതിനിധി ലബനനിലെ മാർ സേവേറിയോസ് റോജർ അക്രാസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. വിവിധ പുരസ്കാരങ്ങളുടെ വിതരണം മന്ത്രി വീണാ ജോർജ്, മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ ദിയസ്കോറസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ സമ്മാനിക്കും.

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോൺസൺ വിളവിനാൽ, സഭാ വൈദിക ട്രസ്റ്റി ഫാ. റോയി ജോർജ് കട്ടച്ചിറ, സഭാ ട്രസ്റ്റി തമ്പു ജോർജ് തുകലൻ, സഭാ സെക്രട്ടറി ജേക്കബ് സി. മാത്യു തുടങ്ങിയവർ പ്രസംഗിക്കും.

# സ്വയം തൊഴിൽ പദ്ധതി; അപേക്ഷ ക്ഷണിച്ചു

**ഹോസ്ദുർഗ്:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളിലേക്ക് 2024-25സാമ്പത്തിക വർഷത്തിലേക്ക് എംപ്ലോയ്മെന്റ് രജിസ്റ്റർ ചെയ്തവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപ വരെയുള്ള 21നും 50നും മദ്ധ്യേ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ ആരംഭിക്കാനായി ബാങ്ക് മുഖേന ഒരു ലക്ഷം രൂപ വരെ വായ്പയും ഇരുപതിനായിരം രൂപവരെ സബ്സിഡിയും നൽകുന്ന കെസ്റു സ്വയം തൊഴിൽ പദ്ധതി, കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപ വരെയുള്ള 21നും 45 നും മദ്ധ്യേ പ്രായമുള്ള ഒന്നിൽ കൂടുതൽ പേർക്ക് സംയുക്ത സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് മുഖേന പത്ത് ലക്ഷം രൂപ വരെ വായ്പയും രണ്ട് ലക്ഷം രൂപവരെ സബ്സിഡിയും നൽകുന്ന മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് സ്വയം തൊഴിൽ പദ്ധതി, കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപ വരെയുള്ള 50നും 65നും മദ്ധ്യേ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ ആരംഭിക്കാനായി ബാങ്ക് മുഖേന അമ്പതിനായിരം രൂപ വരെ വായ്പയും പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപവരെ സബ്സിഡിയും നൽകുന്ന നവജീവൻ സ്വയം തൊഴിൽ പദ്ധതി, വിധവകൾ, നിയമാനുസൃതമായി വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ചവർ, ഭർത്താവിനെ കാണാതായവർ,പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതരായവർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താവുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള 18നും 55 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്ക് സ്വയം തൊഴിൽ ആരംഭിക്കാനായി അമ്പതിനായിരം രൂപ പലിശ രഹിത വായ്പയും ഇരുപത്തി അഞ്ചായിരം രൂപ സബ്സിഡിയും നൽകുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിഎന്നീ പദ്ധതികളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷ ഫോറം www.employment.kerala.gov.in എന്ന വെബ്സൈറ്റിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹോസ്ദുർഗ് 04672209068, ജില്ലാ എംപ്ലോയ്മെന്റ് എക്സചേഞ്ച്, കാസർകോട്0499 4255582.

# ജനറൽ ബോഡി യോഗം ചേർന്നു

**കാസർകോട്:** ജില്ലാ പഞ്ചായത്ത് വർക്കിങ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം ചേർന്നു. ജില്ലാ കളക്ടർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചയാത്ത് പ്രസിഡന്റ് പി.ബേബിബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ഷാനവാസ് പാദൂർ, സ്ഥിരംസമിതി അധ്യക്ഷൻമാരായ കെ. ശകുന്തള, അഡ്വ.എസ്.എൻ സരിത, ജില്ലാപഞ്ചായത്ത് അംഗങ്ങളായ ഗോൾഡൻ അബ്ദുറഹിമാൻ, ജാസ്മിൻകബീർ, നാരായണനായ്ക്, തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ജി. സുധാകരൻ, ജില്ലാ പഞ്ചായത്ത് ഡി.പി.സി വൈസ് ചെയർമാൻ ബാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. യോഗത്തിൽ വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ ഗീതകൃഷ്ണൻ സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി എസ്. ശ്യമലക്ഷ്മി നന്ദിയും പറഞ്ഞു.

# അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** പട്ടികവർഗ വികസന വകുപ്പിനു കീഴിൽ ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് മോഡൽ റെസിഡഷ്യൽ സ്കൂളിലേക്ക്(പെൺകുട്ടികൾ) 2025-26 അധ്യയന വർഷത്തെ അഞ്ചാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 20. പൂരിപ്പിച്ച അപേക്ഷകൾ www.stmrs.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കണം. കാഞ്ഞിരപ്പള്ളിയിലെ സംയോജിത പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയം, പുഞ്ചവയൽ, മേലുകാവ്, വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, ഏറ്റുമാനൂർ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ നേരിട്ടെത്തി ഓൺലൈനായി അപേക്ഷിക്കാൻ സൗകര്യമുണ്ട്. ജാതി, വരുമാനം, പഠിക്കുന്ന ക്ലാസ് എന്നിവ തെളിയിക്കുന്ന രേഖകൾ വേണം. കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ കൂടരുത്. പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരെ വരുമാന പരിധിയിൽനിന്നൊഴിവാക്കിയിട്ടുണ്ട്. അപേക്ഷാഫോമും വിശദവിവരങ്ങളും കാഞ്ഞിരപ്പള്ളി ഐ.ടി.ഡി. പ്രോജക്ട് ഓഫീസ്, പുഞ്ചവയൽ, മേലുകാവ്, വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, ഏറ്റുമാനൂർ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ജില്ലാ/താലൂക്ക് പട്ടികജാതി വികസന ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭിക്കും. വിശദ വിവരത്തിന് ഫോൺ: 04828 202751.

# പ്രയുക്തി 2024 തൊഴിൽമേള 25ന്

**കോട്ടയം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കോട്ടയം മോഡൽ കരിയർ സെന്ററും അരുവിത്തുറ സെന്റ് ജോർജ് കോളജിന്റെ സഹകരണത്തോടെ പ്രയുക്തി 2024 തൊഴിൽമേള നടത്തും. ശനിയാഴ്ച കോളേജ് കാമ്പസിൽ നടത്തുന്ന മേളയിലേക്കുള്ള ഉദ്യോഗാർഥികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പാരാമെഡിക്കൽ, ഓട്ടോമൊബൈൽ, ഫിനാൻസ്, മാർക്കറ്റിങ്, ഇൻഷുറൻസ് തുടങ്ങി വിവിധ മേഖലകളിൽ 27 പ്രമുഖ കമ്പനികൾ പങ്കെടുക്കും. എസ്.എസ്.എൽ.സി, പ്ലസ് ടൂ, ബിരുദം, ബിരുദാനന്തര ബിരുദം, ഐ.ടി.ഐ., ഡിപ്ലോമ, ബി ടെക്, ജനറൽ നഴ്സിങ്, പാരാമെഡിക്കൽ, എം.ബി.എ, എം.സി.എ. യോഗ്യതയുള്ളവർക്ക് തൊഴിൽമേള അവസരമൊരുക്കുന്നു. തൊഴിൽ പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കുമുള്ള ആയിരത്തിലധികം ഒഴിവുകളുണ്ട്. രജിസ്ട്രേഷൻ സൗജന്യം. employabiltiycetnrekottayam എന്ന ഫേസ്ബുക്ക് പേജ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481 2563451.



തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ സ്ഥാപിച്ച കിയോസ്ക് ഡിജിറ്റൽ സംവിധാനത്തിന്റെ ഉദ്ഘാടനം ഫെഡറൽ ബാങ്ക് റീജിയണൽ മാനേജർ മോഹൻദാസ് നിർവഹിക്കുന്നു. വികാരി ഫാ.ജൂഡിസ് പനക്കൽ, ഉഷ, ആന്റണി കാനപ്പിള്ളി, പോൾ രാജ്, ജോസി, ഡെയ്സി തുടങ്ങിയവർ സമീപം

# ഇന്ത്യ ഗവണ്മെന്റിന്റെ സതേൺ ഓഷ്യൻ പര്യവേഷണത്തിന് കുസാറ്റ് അദ്ധ്യാപകരും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസ് വിഭാഗത്തിലെ രണ്ട് അദ്ധ്യാപകർ ഇന്ത്യ ഗവണ്മെന്റിന്റെ പന്ത്രണ്ടാമത് സതേൺ ഓഷ്യൻ പര്യവേഷണ സംഘത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ ഓഫ് മറൈൻ സയൻസ് മറൈൻ ബയോളജി ഡിപ്പാർട്മെന്റിലെ പ്രൊഫസർ മുഹമ്മദ് ഹത്തയും പ്രൊഫസർ വേണുവും സമർപ്പിച്ച ഗവേഷണ പ്രൊജക്ടുകളാണ് ഇതിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

സതേൺ ഓഷ്യന്റെ ഉപരിതലം മുതൽ നാലായിരം മീറ്റർ ആഴം വരെയുള്ള സമുദ്ര ജലത്തിലെ സുഷ്മജീവികളെ കുറിച്ചും കാർബൺ നൈട്രജൻ ചംക്രമണത്തിൽ അവക്കുള്ള പങ്കിനെ കുറിച്ചുമാണ് പ്രൊഫസർ മുഹമ്മദ് ഹതയുടെ ഗവേഷണം. പ്രൊഫസർ വേണുവിന്റേത് സതേൺ ഓഷ്യന്റെ അടിത്തട്ടിലും സമുദ്രജലത്തിലുമുള്ള സൂക്ഷ്മജീവി സമൂഹത്തെകുറിച്ചാണ്.

ഇവർ രണ്ടുപേരെ കൂടാതെ കൊച്ചിയിൽ നിന്നും കുഫോസിലെ രണ്ടു ഗവേഷകരും സി എം എഫ് ആർ ഐ യിൽ നിന്നും ഉള്ള രണ്ടു ഗവേഷകരും ഉണ്ട്. ഇന്ത്യയുടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും നാല്പത്തിയഞ്ചോളം ഗവേഷകരാണ് സംഘത്തിൽ ഉള്ളത്. ഈ മാസം അവസാനം ആരംഭിക്കുന്ന പര്യവേഷണ യാത്ര ഏകദേശം അമ്പതു ദിവസത്തോളം നീണ്ടുനിൽക്കും.

ആകുൽഹാസ് എന്ന ഗവേഷണ കപ്പൽ ആണ് ഇതിനു ഉപയോഗപ്പെടുത്തുന്നത്. മൊറീഷ്യസിൽ നിന്നും യാത്ര തിരിക്കുന്ന ഗവേഷണ സംഘം ഇന്ത്യൻ മഹാസമുദ്രത്തിലൂടെ സഞ്ചരിച്ച് അന്റാർട്ടിക്കയുടെ തീരത്തെത്തുകയും അവിടെ നിന്നും തിരിച്ചു മൊറീഷ്യസിൽ എത്തിയ ശേഷം വിമാന മാർഗം തിരിച്ചു ഇന്ത്യയിലെത്തുകയും ചെയ്യും.

ഈ പര്യവേഷണ മാർഗത്തിൽ വിവിധങ്ങളായ ശാസ്ത്രീയ നിരീക്ഷണ പരീക്ഷണങ്ങളിൽ ഗവേഷക സംഘം ഏർപ്പെടും. ഗോവയിലുള്ള നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസേർച്ച് ആണ് സതേൺ ഓഷ്യൻ എസ്പീഡിഷൻ സംഘടിപ്പിക്കുന്നത്.

ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ ഭൗമ ശാസ്ത്ര മന്ത്രാലയം ആണ് ഇതിനു വേണ്ട സാമ്പത്തിക സഹായം നൽകുന്നത്.

# തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ കിയോസ്ക്ക് സ്ഥാപിച്ചു

**കൊച്ചി:** തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ സ്ഥാപിച്ച കിയോസ്ക് ഡിജിറ്റൽ സംവിധാനത്തിന്റെ ഉദ്ഘാടനം ഫെഡറൽ ബാങ്ക് റീജിയണൽ മാനേജർ മോഹൻദാസ് നിർവഹിച്ചു. വികാരി ഫാ.ജൂഡിസ് പനക്കൽ, ഫെഡറൽ ബാങ്ക് തേവര ബ്രാഞ്ച് മാനേജർ ഉഷ, ആന്റണി കാനപ്പിള്ളി, പോൾ രാജ്, എവറസ്റ്റ് ഏജൻസി മാനേജർമാരായ ജോസി, ഡെയ്സി എന്നിവർ പ്രസംഗിച്ചു. തീർത്ഥാടന കേന്ദ്രത്തിൽ വരുന്ന ജനങ്ങൾക്ക് നേർച്ച കാഴ്ചകളും സംഭാവനകളും ഏത് സമയവും നൽകുവാനുള്ള സൗകര്യത്തിനു വേണ്ടിയാണ് ഈ ഡിജിറ്റൽ സംവിധാനം പള്ളിയിൽ സ്ഥാപിച്ചത്.

# മാർച്ച് എട്ട്, ആന്താരാഷ്ട്ര വനിതാ ദിനത്തിനകം എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റികൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** 2025 മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിനകം തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടൊപ്പം ഐടി പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഇന്റേണൽ കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. പത്തോ പത്തിലധികമോ ജീവനക്കാർ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്ന് മന്ത്രി വ്യക്തമാക്കി.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി 2023 ജനുവരിയിലാണ് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് പോഷ് കംപ്ലയന്റ്സ് പോർട്ടൽ (http://posh.wcd.kerala.gov.in) ആരംഭിച്ചത്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് പോഷ് കംപ്ലയന്റ്സ് പോർട്ടൽ സജ്ജമാക്കിയത്. ആ ഘട്ടത്തിൽ ആയിരത്തോളം സ്ഥാപനങ്ങളിൽ മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. 2024 ഓഗസ്റ്റിൽ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു. ഇപ്പോൾ പോഷ് കംപ്ലയന്റ്സ് പോർട്ടലിലൂടെ 17,113 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ 10,533 സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധനകളിലൂടെയും ബോധവത്ക്കരണത്തിലൂടെയുമാണ് ഇത്രയേറെ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിപ്പിക്കാനായത്.

സംസ്ഥാനത്ത് ആദ്യമായാണ് ഈ സർക്കാരിന്റെ കാലത്ത് ഇങ്ങനെയൊരു സംവിധാനം ആവിഷ്ക്കരിച്ചത്. ഇതിലൂടെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിലവിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല എന്നുള്ളത് മനസിലാക്കാൻ സാധിക്കും.

ഇങ്ങനെ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഇന്റേണൽ കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും വകുപ്പിന് സാധിക്കും.

സ്ത്രീകൾക്ക് ലഭ്യമാകേണ്ട നിയമ സംരക്ഷണവും നീതിയും ഇതിലൂടെ ഉറപ്പാക്കാനും സാധിക്കുന്നു.

# ഡോ.എൽ സുനിതാ ബായ് ജ്ഞാൻ/ധിഷണ പുരസ്കാരങ്ങൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഹിന്ദി വകുപ്പിൽ പ്രൊഫസറായിരുന്ന ഡോ.എൽ സുനിതാ ബായിയുടെ സ്മരണാർത്ഥം അഡ്വ. വി ബാലകൃഷ്ണ ഷേണായി ഏർപ്പെടുത്തിയ ഡോ. എൽ സുനിതാ ബായി ജ്ഞാൻ പുരസ്കാരത്തിനും, ഹിന്ദിയിൽ നിന്നും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുന്ന കൃതികൾക്ക് നൽകുന്ന ധിഷണ പുരസ്കാരത്തിനും 2024-25 വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ജ്ഞാൻ പുരസ്ക്കാരത്തിനായി തിരഞ്ഞെടുക്കുന്ന കേരളീയരായ ഹിന്ദി ലേഖകരിൽ നിന്ന് 2022 ജനുവരി 1 നും 2024 ഡിസംബർ 31നും ഇടയിൽ പ്രസിദ്ധീകരിച്ച 150 പേജിൽ കുറയാത്ത ഹിന്ദി സാഹിത്യ വിമർശനത്തിലെ മൗലിക ഗ്രന്ഥങ്ങളായിരിക്കും പരിഗണിക്കുക, ഗ്രന്ഥത്തിന്റെ 4 പ്രതികൾ 2025 ഫെബ്രുവരി 22നു മുൻപ് സമർപ്പിക്കണം, തിരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്താവിന് 15000/ രൂപയും പ്രശസ്തി പത്രവും പുരസ്കാരമായി നൽകുന്നതായിരിക്കും, ഗവേഷണ പ്രബന്ധം സ്വീകരിക്കുന്നതല്ല, പുരസ്കാര നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും, പുരസ്കാരവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ എറണാകുളം ജില്ലാ കോടതി പരിധിയിൽ ആയിരിക്കും.

ധിഷണ പുരസ്ക്കാരത്തിനായി അപേക്ഷകരിൽ നിന്ന് ഹിന്ദിയിൽ നിന്നും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികളാണ് പരിഗണിക്കുക. ഗ്രന്ഥകർത്താവിന് 10,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരമായി നൽകുന്നതായിരിക്കും.

പുരസ്കാര നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും, പുരസ്കാരവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ എറണാകുളം ജില്ലാ കോടതി പരിധിയിൽ ആയിരിക്കും. അപേക്ഷകർ പ്രൊഫസർ & ഹെഡ് ഹിന്ദി വകുപ്പ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി 682 022 എന്ന വിലാസത്തിലേക്ക് 2025 ഫെബ്രുവരി 22 ന് മുൻപായി കൃതകൾ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്04842575954, 9495677720 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# അക്കാദമിക് രചന ദേശീയ ശില്പശാല

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ജനുവരി 27 ന് 'ഗവേഷണ ധാർമ്മികതയും അക്കാദമിക പ്രബന്ധ രചനയും' എന്ന വിഷയത്തിൽ കുസാറ്റ് ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് സെമിനാർ ഹാളിൽ വെച്ച് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ശില്പശാലയിൽ രജിസ്റ്റർ ചെയ്ത അധ്യാപകർക്കും ഗവേഷകർക്കും പങ്കെടുക്കാം കുസാറ്റ് രജിസ്ട്രാർ ഡോ എ.യു. അരുൺ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ യുജിസി ഇൻഫ്ലിബ്നെറ്റ് സീനിയർ സയന്റിസ്റ്റ് കെ മനോജ്കുമാർ ഗവേഷകർക്കായുള്ള യുജിസിയുടെ പുതിയ പദ്ധതികളെ കുറിച്ച് ക്ലാസ് എടുക്കും.

കുസാറ്റ് അധ്യാപകരായ ഡോ ജി സന്തോഷ് കുമാർ, എം, കൈലാസ് നാഥ് ഡോ സാം തോമസ്, ഡോ മധു എസ് നായർ, ഡോ കെ കെ അനൂപ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും. കൂടുതൽ വിവരങ്ങൾക്ക് കോ ഓർഡിനേറ്റർ ഡോ സുരേന്ദ്രൻ ചെറുകോടൻ: 9447579411 എന്ന നമ്പറിൽ ബന്ധപ്പെടുക. https://forms.gle/e4PZY1wdzouW6WDGA എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുക.



# മാർ അത്തനേഷ്യസ് ട്രോഫി മലപ്പുറത്തിന്

**കൊച്ചി:** മാർ അത്തനേഷ്യസ് ട്രോഫിക്കു വേണ്ടിയുള്ള 22ാമത് അഖിലേന്ത്യാ ഇന്റർ സ്കൂൾ ഇൻവിറ്റേഷൻ ഫുട്ബോൾ ടൂർണ്ണമെന്റ് സമാപിച്ചു. കലാശപ്പോരിൽ നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ (ചേലാമ്പ്ര) മലപ്പുറവും, ജീ വി രാജ സ്പോർട്ട്സ് സ്കൂൾ തിരുവനന്തപുരവും തമ്മിൽ ഏറ്റുമുട്ടി.

നിശ്ചിത സമയത്ത് ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി സമനില പാലിച്ചു. ടൈബ്രേക്കറിൽ നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ (ചേലാമ്പ്ര) മലപ്പുറം വിജയിച്ചു (4-2). എം ഒ ജോൺ അദ്ധ്യക്ഷത വഹിച്ച സമാപന ചടങ്ങിൽ കേരള ഫുട്ബോൾ അസ്സോസിയേഷൻ പ്രസിഡണ്ട് നവാസ് മീരാൻ മുഖ്യ അതിഥിയായി വിജയികൾക്കുള്ള ട്രോഫികൾ നൽകി.

ഫെഡറൽ ബാങ്ക് വൈസ് പ്രസിഡണ്ടും റീജിയണൽ ഹെഡുമായ ബിനു തോമസ്, കീഴ്മാട് എയിലി ഹിൽസ് റസിഡണ്ട് മാനേജർ ഡോ കെ പി ഉണ്ണികൃഷ്ണൻ, നഗരസഭ മുൻ വൈസ് പ്രസിഡണ്ട് എസ് നിർമ്മലാനന്ദ കമ്മത്ത്, നഗരസഭ കൗൺസിലർ ജെയിസൺ പീറ്റർ, എം എൻ സത്യദേവൻ, പി ജെ വർഗീസ്, പി പൗലോസ്, എം എം ജേക്കബ്, ഹാരി ബെന്നി, ജോർജ് സി ചാക്കോ, സനു രാജ്, ഏലിയാസ് അമ്പാട്ട്, ചിന്നന്റ്റി പൈനാടത്ത്, എൻ ജെ ജേക്കബ്, തമ്പി കലമണ്ണിൽ, എ ഫ്രാൻസിസ്, കെ പി പോൾസൺ, എം റ്റി ഫ്രാൻസിസ്, തോമസ് പോൾ, എൽദോ ജേക്കബ്, മുഹമ്മദ ഷെയിക്, ഇട്ടി മാത്യു, എം പി ജെയിംസ്, അബ്ദുൾ മജീദ്, രഘുനാഥൻ, ലാൽബാബു എന്നിവർ പങ്കെടുത്തു.

# ഐഡിബിഐ ബാങ്ക് : ലാഭത്തിൽ 31 ശതമാനം കുതിപ്പ്

**കൊച്ചി:** ഐഡിബിഐ ബാങ്ക് നടപ്പ് സാമ്പത്തിക വർഷത്തെ ഡിസംബർ പാദത്തിൽ (Q3F-Y25) 1,908.27 കോടി രൂപയുടെ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ നേടിയ 1,458.18 കോടി രൂപയുടെ ലാഭത്തിൽ നിന്ന് ഏകദേശം 31 ശതമാനം വർധനയാണ് ലാഭം.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി

**മുംബൈ:** ഇന്ത്യയിൽ നിന്നുള്ള ആഗോള കാർഡ് പേയ്മെന്റ് ശൃംഖലയായ റുപേയുമായി സഹകരിച്ച് ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്, ഫസ്റ്റ് ഏൺ എന്ന പേരിൽ യുപിഐ പ്രവർത്തനക്ഷമമാക്കിയ റുപേ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. ഈ ക്രെഡിറ്റ് കാർഡിന് സ്ഥിരനിക്ഷേപ പിന്തുണയുണ്ട്. അതിനാൽ എല്ലാവർക്കും ഈ സവിശേഷമായ ക്രെഡിറ്റ് കാർഡ് ഓൺലൈനായി തൽക്ഷണം ലഭിക്കാൻ അർഹതയുണ്ട്. ഇത് യുപിഐ പേയ്മെന്റുകൾക്ക് ക്യാഷ്ബാക്കും വാഗ്ദാനം ചെയ്യുകയും, അങ്ങനെ ഉപയോക്താക്കൾക്ക് ഇത് പ്രയോജനകരമാക്കുകയും ചെയ്യുന്നുവെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

# കെയർ ഹെൽത്ത് ഇൻഷൂറൻസിന്റെ അൾട്ടിമേറ്റ് കെയർ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ആരോഗ്യ ഇൻഷൂറൻസ് കമ്പനികളിൽ ഒന്നായ കെയർ ഹെൽത്ത് ഇൻഷൂറൻസ് ആരോഗ്യ ഇൻഷൂറൻസ് രംഗത്ത് പുതിയ തലങ്ങൾക്കു തുടക്കം കുറിച്ചു കൊണ്ട് അൾട്ടിമെറ്റ് കെയർ അവതരിപ്പിച്ചു. അപ്രതീക്ഷിത ആരോഗ്യ സാഹചര്യങ്ങൾ നേരിടാനുള്ള പിന്തുണയും അതോടൊപ്പം ആരോഗ്യപരമായി ഇരിക്കുന്നതിന് സമ്മാനങ്ങൾ ലഭ്യമാക്കിയുമാണ് അൾട്ടിമേറ്റ് കെയർ അവതരിപ്പിച്ചിട്ടുള്ളതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആരോഗ്യപരമായി തുടരുന്നതിന് മണിബാക്ക് സവിശേഷത അവതരിപ്പിച്ചിട്ടുള്ളത് ഇതിൻറെ പ്രത്യേകതയാണ്. ക്ലെയിമുകൾ ഇല്ലാത്ത ഓരോ അഞ്ചു വർഷത്തിലും ആദ്യ വർഷത്തെ അടിസ്ഥാന പ്രീമിയം കമ്പനി തിരികെ നൽകും. ക്ലെയിമുകൾ ഇല്ലാത്ത ഏഴു വർഷങ്ങൾക്കു ശേഷം ആദ്യ വർഷത്തെ ഇൻഷൂറൻസ് തുകയ്ക്ക് തുല്യമായ അധിക ഇൻഷൂറൻസിൻറെ ലോയൽറ്റി ബൂസ്റ്റ് ലഭ്യമാക്കും. ക്ലെയിമുകൾ പരിഗണിക്കാതെ ഓരോ വർഷവും പരിരക്ഷാ തുകയുടെ 100 ശതമാനം ബോണസ് നൽകുന്ന കുമിലേറ്റീവ് ബോണസിന് പരിധിയില്ലാത്ത ഇൻഫിനിറ്റി ബോണസ് ആണ് മറ്റൊരു നേട്ടം. ഇതിനു പുറമെ പുതുക്കൽ പ്രീമിയത്തിൽ 30 ശതമാനം ഇളവു നൽകുന്ന വെൽനെസ് ഡിസ്ക്കൗണ്ടും അവതരിപ്പിച്ചിട്ടുണ്ട്.

# ആക്സിസ് നിഫ്റ്റി 500 മൊമെന്റം 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന ഫണ്ട് ഹൗസുകളിലൊന്നായ ആക്സിസ് മ്യൂചൽ ഫണ്ട് ആക്സിസ് നിഫ്റ്റി500 മൊമെൻറം 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. ഫണ്ടിൻറെ എൻഎഫ്ഒ ജനുവരി 24 മുതൽ ഫെബ്രുവരി ഏഴു വരെ നടത്തും. 100രൂപയാണ് ഈ ഓപ്പൺ എൻഡഡ് പദ്ധതിയിലെ കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ അധിക നിക്ഷേപവും നടത്താം. വില മുകളിലേക്കു കുതിക്കുന്ന പ്രവണതയുള്ള ഓഹരികളെ കണ്ടെത്തി നിക്ഷേപിക്കുന്നതാണ് മൊമെൻറം നിക്ഷേപത്തിലെ മുഖ്യ രീതി. ലാർജ്, മിഡ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലെ ഉയരുന്ന പ്രവണതയുള്ളവയെ ഇതിൽ കണ്ടെത്തും. കഴിഞ്ഞ ആറു മുതൽ 12 മാസം വരെയുള്ള കാലത്ത് മികച്ച പ്രകടനം കാഴ്ച വെച്ചവയെയാണ് സാധാരണയായി മൊമെൻറം നിക്ഷേപത്തിൽ തെരഞ്ഞെടുക്കാറ്. പാസീവ് ആയി കൈകാര്യം ചെയ്യുന്ന പദ്ധതിയായതിനാൽ താരതമ്യേന കുറഞ്ഞ ചെലവ് അനുപാതമായിരിക്കും എന്ന നേട്ടവും ഇതിനുണ്ട്.

# കെൻറ് ആർഒ സിസ്റ്റംസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ജല ശുദ്ധീകരണ ഉത്പന്ന ബ്രാൻഡായ കെൻറിൻറെ ഉടമകളായ കെൻറ് ആർഒ സിസ്റ്റംസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെ ഒരു രൂപ മുഖവിലയുള്ള 10,094,568 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ അറ്റാദായത്തിൽ 18.3 ശതമാനം വർധനവ്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ഒൻപതു മാസങ്ങളിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 803 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. 18.3 ശതമാനം വർധനവാണിത് കാണിക്കുന്നത്.ഇക്കാലയളവിൽ പുതിയ ബിസിനസിൻറെ മൂല്യം 8.5 ശതമാനം വർധിച്ച് 1575 കോടി രൂപയിലും എത്തിയിട്ടുണ്ട്. ആകെ വിൽപന നടത്തിയ പോളിസികളുടെ കാര്യത്തിൽ 14.4 ശതമാനം വർധനവോടെ ഈ രംഗത്തെ സ്വകാര്യ മേഖലയിൽ ഏറ്റവും മികച്ച നേട്ടവും കൈവരിച്ചു.

# ജോസ് ആലുക്കാസ് ഡയമണ്ട് ആഭരണങ്ങളുടെ വിൽപ്പനയിൽ 28%ത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തി




**ബാംഗ്ലൂർ:** ഗുണനിലവാരം, പുതുമ, ട്രെൻഡി ആഭരണങ്ങൾ എന്നിവയോടുള്ള പ്രതിബദ്ധതയ്ക്ക് പേരുകേട്ട ഇന്ത്യയിലെ പ്രശസ്ത ബ്രാൻഡായ ജോസ് ആലുക്കാസ്, ഡയമണ്ട് ആഭരണങ്ങളുടെ മൊത്തം വിൽപ്പനയിൽ 28% വർധനവ് രേഖപ്പെടുത്തിയത് അഭിമാനപൂർവ്വം പ്രഖ്യാപിച്ചു. നാച്വറൽ ഡയമണ്ട് കൗൺസിലുമായി സഹകരിച്ച് പ്രകൃതിദത്ത വജ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉയർന്ന നിലവാരമുള്ളതും മനോഹരവുമായ ഡിസൈനുകളും അതിൻറെ സജീവമായ പരിശ്രമങ്ങളും വാഗ്ദാനം ചെയ്യുന്നതിനുള്ള ബ്രാൻഡിൻറെ സമർപ്പണത്തിൻറെ തെളിവാണ് ഈ വളർച്ച.

ആവശ്യകതയിലെ വർദ്ധനവ് ഉയർന്ന നിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതും വൈവിധ്യമാർന്ന ആഭരണങ്ങളിലേക്കുമുള്ള വർദ്ധിക്കുന്ന ഉപഭോക്തൃ ചായ്വിനെയാണ് അടിവരയിടുന്നത്. ഡിസ്പോസിബിൾ വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയും വ്യക്തിഗത ശൈലിയുടെയും ചാരുതയുടെയും പ്രതിനിധാനങ്ങളായി വജ്രങ്ങളോടുള്ള മനോഭാവം മാറുകയും ചെയ്തതോടെ, വിവാഹ മോതിരങ്ങൾ, വിവാഹ ബാൻഡുകൾ, ഡയമണ്ട് നെക്ലേസുകൾ എന്നിവയുൾപ്പെടെയുള്ള പ്രധാന വിഭാഗങ്ങളുടെ വിൽപനയിലുള്ള വർദ്ധനവിന് ജോസ് ആലുക്കാസ് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഉപഭോക്തൃ അവബോധം കൂടുതൽ വർധിപ്പിക്കാനും വിശ്വാസം വളർത്താനും പ്രകൃതിദത്ത വജ്രങ്ങളുടെ അഭിലഷണീയത ഉയർത്താനും എൻഡിസിയുമായുള്ള സഹകരണം ലക്ഷ്യമിടുന്നു.

# ഇന്ത്യൻ ബിസിനസുകൾക്കായി സൈബർഎഡ്ജ് അവതരിപ്പിച്ച് ടാറ്റ എഐജി

**കൊച്ചി:** മുൻനിര ജനറൽ ഇൻഷുറൻസ് സേവനദാതാക്കളായ ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി സൈബർ അപകടസാധ്യതകളിൽ നിന്ന് പൂർണ സംരക്ഷണം വാഗ്ദാനം ചെയ്യുന്ന സൈബർഎഡ്ജ് അവതരിപ്പിച്ചു. സൈബർ അപകട സാധ്യതകളിൽ നിന്ന് എല്ലാ തരത്തിലുമുള്ള ബിസിനസുകളെ സംരക്ഷിക്കാൻ രൂപകൽപന ചെയ്തിരിക്കുന്ന പുതിയ സൈബർ ഇൻഷുറൻസ് സൊല്യൂഷൻ ഫോറൻസിക് അന്വേഷണം, ലീഗൽ ഫീസ്, ഡേറ്റാ വീണ്ടെടുക്കൽ, ബിസിനസ് തടസപ്പെടുന്നതിനെ തുടർന്നുള്ള നഷ്ടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ശക്തവും സമഗ്രവുമായ സാമ്പത്തിക, പ്രവർത്തന പിന്തുണയാണ് വാഗ്ദാനം ചെയ്യുന്നത്. സൈബർ സുരക്ഷാ പ്രതിരോധം വർധിപ്പിക്കുന്നതിനുള്ള പ്രതിബദ്ധ മുന്നിൽനിർത്തി വരുന്ന അഞ്ച് വർഷത്തിനുള്ളിൽ സൈബർ ഇൻഷുറൻസ് വിപണിയുടെ 25% പിടിച്ചെടുക്കാനും സൈബർഎഡ്ജ് ലക്ഷ്യമിടുന്നു.

2023ൽ ഇന്ത്യയിൽ 79 ദശലക്ഷം സൈബർ ആക്രമണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ഭീഷണിയുടെ വ്യാപ്തി അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രഹാറിന്റെ സമീപകാല റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2033 ഓടെ ഈ ആക്രമണങ്ങൾ പ്രതിവർഷം ഒരു ട്രില്യൺ ആയി ഉയരുമെന്നാണ് റിപ്പോർട്ട് പ്രവചിക്കുന്ന മറ്റൊരു കാര്യം.

കോവിഡ് മഹാമാരിക്ക് ശേഷം ഐടി കമ്പനികൾ, ബിപിഒകൾ, ബാങ്കുകൾ, മറ്റ് വ്യവസായങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ നിന്ന് സൈബർ ഇൻഷുറൻസിന്റെ ആവശ്യകതയിൽ ശ്രദ്ധേയമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്.

കൂടാതെ പരിമിതമായ അടിസ്ഥാനസൗകര്യങ്ങൾ കാരണം ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എസ്എംഇ) സൈബർ കുറ്റവാളികൾ കൂടുതലായി ലക്ഷ്യമിടുകയും ചെയ്യുന്നുണ്ട്. ഇത് അവരുടെ റിസ്ക് മാനേജ്മെന്റിന് ശക്തമായ സൈബർ ഇൻഷുറൻസ് പരിഹാരങ്ങൾ അനിവാര്യമാക്കുകയും ചെയ്യുന്നു.

# കോൻ ബനേഗ ക്രോർപതി ഷോയുടെ ഔദ്യോഗിക ബാങ്കിംഗ് പങ്കാളിയായി പഞ്ചാബ് നാഷണൽ ബാങ്ക്




**ന്യൂഡൽഹി:** മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി), ഐക്കണിക് ക്വിസ് ഷോയായ കോൻ ബനേഗ ക്രോർപതി (കെബിസി) യിൽ, ഗ്യാൻ കാരജത് മഹോത്സവത്തിന്റെ ഔദ്യോഗിക ബാങ്കിംഗ് പങ്കാളിയായി സോണി എന്റർടൈൻമെന്റ് ടെലിവിഷനുമായി സഹകരിക്കുന്നതായി പ്രഖ്യാപിച്ചു.

സുരക്ഷിതവും സൗകര്യപ്രദവും സുതാര്യവുമായ ബാങ്കിംഗ് പരിഹാരങ്ങൾ ഉപയോഗിച്ച് പൗരന്മാരെ ശാക്തീകരിക്കുന്നതിലൂടെ സാമ്പത്തിക ഉൾപ്പെടുത്തൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പിഎൻബിയുടെ ശ്രമങ്ങളെ ഈ പങ്കാളിത്തം പ്രതിഫലിപ്പിക്കുന്നു. ഔദ്യോഗിക ബാങ്കിംഗ് പങ്കാളി എന്ന നിലയിൽ, ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുമായി ഇടപഴകുന്നതിനും അവരുടെ ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും സമഗ്രമായ ശ്രേണിയും പിഎൻബി വൺ ആപ്പ് പോലുള്ള ഡിജിറ്റൽ പരിഹാരങ്ങളും പ്രദർശിപ്പിക്കുന്നതിനും കൗൻ ബനേഗ ക്രോർപതിയുടെ വ്യാപകമായ വ്യാപ്തി, വലിയ ജനപ്രീതി, വൈകാരിക ബന്ധം എന്നിവ പ്രയോജനപ്പെടുത്താനും പിഎൻബി ലക്ഷ്യമിടുന്നു.

# ലുലു മാളിൽ വനിതാ കമ്മീഷൻ ബോധവത്കരണ ക്ലാസ് നടത്തി

**കൊച്ചി:** തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ളവ തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പോഷ് ആക്ട് 2013 നെക്കുറിച്ച് കൊച്ചി ലുലു മാൾ ജീവനക്കാർക്കായി സംസ്ഥാന വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ലുലു മാൾ ട്രെയിനിങ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് വനിതാ കമ്മീഷൻ അംഗം വി.ആർ. മഹിളാമണി ഉദ്ഘാടനം ചെയ്തു.

കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ ഐപിഎസ്, പോഷ് ആക്ട് നോഡൽ ഓഫീസറായ ജില്ല വനിത ശിശു വികസന ഓഫീസർ ജെബിൻ ലോലിത സെൻ, ലുലു മാൾ സെക്യൂരിറ്റി മാനേജർ കെ.എം. ദേവസ്യ, വനിത കമ്മീഷൻ റിസർച്ച് ഓഫീസർ എ.ആർ. അർച്ചന തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് എറണാകുളം ജില്ല ലോക്കൽ കംപ്ലൈന്റ്സ് കമ്മിറ്റി ചെയർപേഴ്സൺ ബീന സെബാസ്റ്റ്യൻ പോഷ് നിയമത്തെക്കുറിച്ച് ക്ലാസെടുത്തു



# ജെഎസ്ഡബ്ല്യു ഗ്രൂപ്പ് മഹാരാഷ്ട്രയിൽ മൂന്നു ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തും

**കൊച്ചി:** മഹാരാഷ്ട്രയിൽ മൂന്നു ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്താനായി ജെഎസ്ഡബ്ല്യു ഗ്രൂപ്പ് മഹാരാഷ്ട്രാ സർക്കാരുമായി ധാരണാ പത്രം ഒപ്പു വെച്ചു. ദാവോസിൽ നടക്കുന്ന വേൾഡ് ഇക്കണോമിക് ഫോറത്തിലാണ് ഇതു സംബന്ധിച്ച പ്രഖ്യാപനമുണ്ടായത്. സ്റ്റീൽ, പുനരുപയോഗിക്കാവുന്ന ഊർജ്ജം, വൈദ്യുത വാഹനങ്ങൾ, ലിഥിയംഅയൺ ബാറ്ററി, സോളാർ വേഫറും സെൽ മൊഡ്യൂളുകൾ, അടിസ്ഥാന സൗകര്യവും സിമൻറും തുടങ്ങിയ മേഖലകളിലാവും ഈ നിക്ഷേപങ്ങൾ കൂടുതലായും ശ്രദ്ധ കേന്ദ്രീകരിക്കുക. വ്യവസായ, സാമ്പത്തിക മേഖലകളിലെ മഹാരാഷ്ട്രയുടെ സ്ഥാനം കൂടുതൽ ശക്തമാക്കാൻ ഈ നീക്കം സഹായകമാകുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് പറഞ്ഞു.

വ്യവസായ വികസനം മാത്രമല്ല, ഹരിതവും സുസ്ഥിരവുമായ സാങ്കേതികവിദ്യകളിലേക്കുള്ള ഇന്ത്യയുടെ നീക്കം കൂടിയാവും ഈ നീക്കത്തിലൂടെ ശക്തമാകുകയെന്ന് ജെഎസ്ഡബ്ല്യു ഗ്രൂപ്പ് ചെയർമാൻ സജ്ജൻ ജിൻഡാൽ പറഞ്ഞു.

# മോണ്ടേ കാർലോ സർക്കസ് ഫെസ്റ്റിവൽ: സുജിത് ദിലീപ് ജൂറിയിൽ



**കൊച്ചി:** നാൽപ്പത്തിയേഴാമത് മോണ്ടേ കാർലോ സർക്കസ് ഫെസ്റ്റിവൽ ജൂറിയിൽ ഇന്ത്യയിൽ നിന്നും റാംബോ സർക്കസ് ഉടമ സുജിത് ദിലീപ്. ഇന്ത്യയിൽ നിന്നും ആദ്യമായാണ് ടെക്നിക്കൽ ജൂറിയിൽ പ്രാതിനിധ്യമുണ്ടാകുന്നത്.

ആലപ്പുഴ കാർത്തികപ്പള്ളി സ്വദേശിയാണ് സുജിത് ദിലീപ്. എറീന സർക്കസ്, ഗ്രേറ്റ് ഓറിയന്റൽ, സർക്കസ്, വിക്ടോറിയ സർക്കസ് എന്നിവയുടെ ഉടമയായിരുന്ന തോമസ് ദിലീപിന്റെ മകനാണ് സുജിത് ദിലീപ്. മൂന്ന് സർക്കസുകൾ ചേർത്താണ് പിന്നീട് റാംബോ സർക്കസ് രൂപീകരിച്ചത്. മൊണോകോ രാജകുമാരി സ്റ്റിഫാനിയുടെ നേതൃത്വത്തിലാണ് ജനുവരി 26 വരെ മോണ്ടേ കാർലോ സർക്കസ് ഫെസ്റ്റിവൽ അരങ്ങേറുന്നത്. സ്വീഡൻ, ചൈന, സ്വിറ്റ്സർലാന്റ്, ഗ്രേറ്റ് ബ്രിട്ടൺ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നാണ് മറ്റ് ജൂറി അംഗങ്ങൾ. എല്ലാ വർഷവും ജനുവരിയിൽ ലോകത്തിലെ മികച്ച സർക്കസ് പ്രകടനങ്ങൾ അവതരിപ്പിക്കുന്ന വേദിയാണ് മോണ്ടേ കാർലോ സർക്കസ് ഫെസ്റ്റിവൽ. മികച്ച സർക്കസ് പ്രകടനം ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ ഇതിൽ പ്രഖ്യാപിക്കും.

# ഓൾന്യൂ ബിഎംഡബ്ല്യു എക്സ് 3 ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി :** 2025 ഓട്ടോ എക്സ്പോയിൽ ഓൾന്യൂ ബിഎംഡബ്ല്യു എക്സ് 3 ഇന്ത്യയിൽ അവതരിപ്പിച്ചു. ചെന്നൈയിലെ ബിഎംഡബ്ല്യു ഗ്രൂപ്പ് പ്ലാന്റിൽ പ്രാദേശികമായി നിർമ്മിച്ച ഈ സ്പോർട്സ് ആക്റ്റിവിറ്റി വെഹിക്കിൾ രാജ്യത്ത് പെട്രോൾ, ഡീസൽ പവർട്രെയിനുകളിൽ ലഭ്യമാകും. ബിഎംഡബ്ല്യു എക്സ് 3 എക്സ്ഡ്രൈവ് 20 എം സ്പോർടിന്റെ എക്സ്ഷോറൂം വില ഐഎൻആർ 75, 80, 000 മുതൽ ആരംഭിക്കുന്നു.




# കെഎഫ്സി ഓപ്പൺ കിച്ചൻ ടൂർ സംഘടിപ്പിച്ചു

**കൊച്ചി:** പ്രത്യേക ഓപ്പൺ കിച്ചൺ ടൂർ സംഘടിപ്പിച്ച് കെഎഫ്സി. കെഎഫ്സി അടുക്കളയിലേക്ക് ഒരു ഉള്ളറകാഴ്ച നൽകിയ ഓപ്പൺ കിച്ചൻ ടൂറിലൂടെ ടീമിനെ കാണാനും ഉയർന്ന ഗുണമേന്മയുള്ള ചേരുവകൾ ചേർത്ത് തയ്യാറാക്കി രുചികരമായ ഭക്ഷണമായി മാറുന്നത് എങ്ങനെയെന്ന് നേരിട്ട് കാണാനും അവസരമൊരുക്കി. കെഎഫ്സിയുടെ മുഖമുദ്രയായ സൂക്ഷ്മ പ്രക്രിയകളും കർശനമായ ശുചിത്വ മാനദണ്ഡങ്ങളും നേരിട്ട് കാണുന്നതിന് കെഎഫ്സി ഓപ്പൺ കിച്ചൻ ടൂറുകൾ കുറച്ച് വർഷങ്ങളായി നടത്തിവരുന്നുണ്ടെന്ന് കെഎഫ്സി അധികൃതർ വ്യക്തമാക്കി. മൂന്ന് പതിറ്റാണ്ടിലേറെയായി ഇന്ത്യയിലുള്ള കെഎഫ്സി, അവരുടെ സിഗ്നേച്ചർ വിഭവങ്ങൾ കൊണ്ട് ഏറെ ശ്രദ്ധ നേടിയട്ടുണ്ട്. കെഎഫ്സി മെനുവിലെ ഐക്കോണിക്ക് വിഭവങ്ങളായ ഹോട്ട് & ക്രിസ്പി ചിക്കൻ, ഹോട്ട് വിംഗ്സ്, ബോൺലെസ് ഡിലൈറ്റുകളായ ചിക്കൻ പോപ്കോൺ, പെരി പെരി ബോൺലെസ് ചിക്കൻ സ്ട്രിപ്സ്, വിവിധ തരം സിംഗർ ബർഗറുകൾ, റോൾസ്, റൈസ് ബൗൾസ് എന്നിവയാണ് പ്രധാനം.വിതരണക്കാരുടെ ഫാമിൽ നിന്ന് ഉപഭോക്താക്കളുടെ പ്ലേറ്റിലേക്ക് എത്തുന്നതിനുമുന്നെ 34 കർശന പരിശോധനകൾക്ക് വിധേയമാകുന്നു.

പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ച് ചിക്കൻ മാരിനേറ്റ് ചെയ്യുന്നതിനും ബ്രെഡ് ചെയ്യുന്നതിനും വറുക്കുന്നതിനുമുള്ള വിശദമായ പ്രക്രിയ കിച്ചൻ ടൂറിൽ വിശദീകരിച്ചു. കെഎഫ്സിയുടെ തനതായ രുചി ലഭിക്കാൻ ചിക്കൻ പ്രത്യേക രീതിയിലാണ് തയ്യാറാക്കുന്നത്. ഓരോ ചിക്കൻ പീസും കൈകൊണ്ട് ബ്രെഡ് ചെയ്ത് ഏഴ് തവണ കുലുക്കി കുറഞ്ഞത് 170 ഡിഗ്രി സെൽഷ്യസിലാണ് പാകം ചെയ്യുന്നത്. കെഎഫ്സി ചിക്കൻ ഉപഭോക്താക്കൾക്ക് ചൂടോടെയും പുതുമയോടും കൂടി നൽകാൻ സ്റ്റോറിൽ വെച്ചുതന്നെയാണ് തയ്യാറാക്കുന്നത്.എഫ്എസ്എസ്എഐ അംഗീകൃത ചേരുവകളും മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി കെഎഫ്സി അന്താരാഷ്ട്ര പാചകനിലവാരമാണ് പിന്തുടരുന്നതെന്നും കെഎഫ്സി അധികൃതർ വ്യക്തമാക്കി. എല്ലാ ഭക്ഷ്യവസ്തുക്കൾക്കും കാലഹരണപ്പെടൽ സമയപരിധി ഉണ്ട്, അവ നിശ്ചിത ഉപഭോഗ സമയം കഴിഞ്ഞാൽ ഉടൻ തന്നെ ഷെൽഫിൽ നിന്ന് നീക്കം ചെയ്യും. എല്ലാ കെഎഫ്സി റെസ്റ്റോറന്റിലും എല്ലാ ഭക്ഷണ സമ്പർക്ക പ്രതലങ്ങളും ഉൾപ്പെടെ വൃത്തിയാക്കുന്ന കർശന ക്ലീനിംഗ്, സാനിറ്റേഷൻ പ്രോഗ്രാം പിന്തുടരുന്നുണ്ട്.

എല്ലാ വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങളും വെവ്വേറെയാണ് പാചകം ചെയ്യുന്നത്, ഇതിനായി ഉപയോഗിക്കുന്ന എണ്ണ, പാത്രങ്ങൾ, ചേരുവകൾ എന്നിവയെല്ലാം വേർതിരിച്ചിട്ടുണ്ടെന്നും കെഎഫ്സി അധികൃതർ വ്യക്തമാക്കി.

# ക്രോമയുടെ റിപ്പബ്ലിക് ഡേ സെയിൽ




**കൊച്ചി:** ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള ഇലക്ട്രോണിക്സ് റീട്ടെയിലറായ ക്രോമ ഹോം അപ്ലയൻസസ്, ഇലക്ട്രോണിക്സ് വിഭാഗങ്ങളിൽ വൻ വിലയിളവുകളുമായി റിപ്പബ്ലിക് ഡേ സെയിൽ പ്രഖ്യാപിച്ചു. ക്രോമ സ്റ്റോറുകളിലും www.croma.com ലും ടാറ്റാ ന്യൂവിലും വമ്പൻ ഡീലുകളുമായി 2025 ജനുവരി 26 വരെ റിപ്പബ്ലിക് ഡേ ഓഫറുകൾ ലഭ്യമാണെന്ന് അധികൃതർ അറിയച്ചു.സെയിലിൻറെ ഭാഗമായി ക്രോമയുടെ 1.5 ടൺ 3 സ്റ്റാർ എസി 25,690 രൂപയ്ക്കും 303 ലിറ്റർ ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്റർ 24,590 രൂപയ്ക്കും ലഭിക്കും. ക്രോമയുടെ 8 കിലോ ടോപ് ലോഡ് വാഷിങ് മിഷ്യൻ 14,390 രൂപ മുതലാണ് ലഭ്യമാക്കിയിരിക്കുന്നത്. 7 കിലോ ഫ്രണ്ട് ലോഡ് വാഷിങ് മിഷ്യൻ 21,690 രൂപ മുതലും ലഭിക്കും. 55 ഇഞ്ച് യുഎച്ച്ഡി ടിവി 30,990 രൂപ മുതലും 65 ഇഞ്ച് പ്രീമിയം യുഎച്ച്ഡി ഗൂഗിൾ ടിവി 42,990 രൂപയ്ക്കും ലഭിക്കും.

ഇൻറൽ ഐ3 ലാപ്ടോപിന് 26,530 രൂപയാണ് വില. കൂടാതെ 98,990 രൂപ മുതൽ സാംസഗ് ഗാലക്സി ഫോൾഡ് 5 സ്മാർട്ട് ഫോണും 39,490 രൂപ മുതൽ ആപ്പിൾ ഐ ഫോൺ16 നും ലഭിക്കും.റിപ്പബ്ലിക് ഡേ സെയിലിൻറെ ഭാഗമായി ഐസിഐസിഐ, എച്ച്ഡിഎഫ്സി, അമെക്സ്, ബാങ്ക് ഓഫ് ബറോഡ, ഫെഡറൽ ബാങ്ക്, കോട്ടക് മഹീന്ദ്ര, സൗത്ത് ഇന്ത്യൻ ബാങ്ക്, എച്ച്എസ്ബിസി എന്നിവയുടെ തെരഞ്ഞെടുത്ത കാർഡുകളിൽ 26,000 രൂപ വരെ കാഷ് ബാക്ക് ലഭിക്കും. ബജാജ് ഫിൻസെർവ്, എച്ച്ഡിബി ഫിനാൻഷ്യൽ സർവ്വീസസ്, എച്ച്ഡിഎഫ്സി ബാങ്ക്, ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് തുടങ്ങിയവരിൽ നിന്നും 26,000 രൂപ വരെയുള്ള കാഷ് ബാക്കും നേടാമെന്നും തങ്ങളുടെ ഉപഭോക്താക്കൾക്ക് മറക്കാനാവാത്ത നേട്ടങ്ങൾ നൽകുന്നതിനുള്ള ക്രോമയുടെ പ്രതിബദ്ധത വിളിച്ചോതുന്നതാണ് റിപ്പബ്ലിക് ദിന സെയിലെന്ന് ക്രോമ ഇൻഫിനിറ്റി റീട്ടെയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ശബാഷിഷ് റോയ് പറഞ്ഞു.

# പോളാർ ബെയർ സ്റ്റാർട്ടപ്പ് പിച്ചിംഗ് : കേരള സ്റ്റാർട്ടപ്പ് മിഷനെ ബിസിനസ് ഫിൻലാൻഡ് തെരഞ്ഞെടുത്തു

**കൊച്ചി:** അവതരണത്തിലെ രീതി കൊണ്ടും വെല്ലുവിളി കൊണ്ടും ലോകപ്രശസ്തമായ ഫിൻലാൻഡിലെ പോളാർ ബെയർ സ്റ്റാർട്ടപ്പ് പിച്ചിംഗിൻറെ ഇന്ത്യയിൽ നടക്കുന്ന സാറ്റ്ലൈറ്റ് പരിപാടിയുടെ പങ്കാളികളായി കേരള സ്റ്റാർട്ടപ്പ് മിഷനെ ബിസിനസ് ഫിൻലാൻഡ് തെരഞ്ഞെടുത്തു. ഫിൻലാൻഡ് സർക്കാരും പരിപാടിയുടെ സംഘാടകരായ ബിസിനസ് ഒലു ഗ്രൂപ്പുമായി കെഎസ്യുഎം കരാർ ഒപ്പിട്ടു. കഴുത്തറ്റം തണുത്ത വെള്ളത്തിൽ നിന്നു കൊണ്ട് സ്റ്റാർട്ടപ്പ് ആശയങ്ങൾ വിധികർത്താക്കൾക്ക് മുന്നിൽ അവതരിപ്പിക്കുന്ന ഈ പരിപാടിയുടെ പ്രാദേശിക റൗണ്ട് ആദ്യമായാണ് ഇന്ത്യയിൽ നടത്തുന്നത്. എട്ടു മുതൽ പത്ത് സ്റ്റാർട്ടപ്പുകളെയാണ് പരിപാടിയിൽ പങ്കെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കേണ്ടത്.രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ് കേരളത്തിൻറേത് എന്നതിൻറെ തെളിവുകൂടിയാണ് പ്രശസ്തമായ അന്താരാഷ്ട്ര മത്സരത്തിന് പങ്കാളിയാകാൻ ലഭിച്ച അവസരമെന്ന് കെഎസ്യുഎം സിഇഒ അനൂപ് അംബിക ചൂണ്ടിക്കാട്ടി.

ഇത്തരത്തിലുള്ള അന്താരാഷ്ട്ര സഹകരണത്തിലൂടെ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ആഗോളതലത്തിൽ കൂടുതൽ ശ്രദ്ധയും സ്വീകാര്യതയും ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഫിൻലാൻറിൽ ഐസ് ഹോൾ മത്സരം എന്നാണ് ഈ പരിപാടി പൊതുവെ അറിയപ്പെടുന്നത്. ഐസിനുള്ളിൽ ദ്വാരമുണ്ടാക്കി അതിൽ ഇറങ്ങി നിന്നാണ് സ്റ്റാർട്ടപ്പ് സംരംഭകർ പിച്ചിംഗ് നടത്തുന്നത്. ഇന്ത്യയിൽ ഡൽഹിയിൽ ഫിൻലാൻറ് എംബസിയിൽ വച്ച് പരിപാടി നടത്താനാണ് പ്രാഥമികമായി കൈക്കൊണ്ട ധാരണ.വിജയികൾക്ക് ഫിൻലാൻറിലെ ഫിനാലെയിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.




# ഇന്ത്യ സിയറ ലിയോൺ വ്യാപാര സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു

**കൊച്ചി:** ഫാർമസ്യൂട്ടിക്കൽസ്, മെഡിസിൻ, ഐടി വികസനം, വ്യാവസായിക വികസനം എന്നീ മേഖലകളിൽ ഉഭയകക്ഷി വ്യാപാരബന്ധം ശക്തിപ്പെടുത്തുക ലക്ഷ്യമിട്ട് ഇന്ത്യ സിയറ ലിയോൺ വ്യാപാര സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു. ഇന്ത്യ ആഫ്രിക്ക ട്രേഡ് കൗൺസിലിന്റെ (ഐഎടിസി) നേതൃത്വത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ദക്ഷിണേന്ത്യയിലെ പ്രമുഖ വ്യവസായ പ്രതിനിധികൾ പങ്കെടുത്തു. ആഫ്രിക്കൻ രാജ്യമായ സിയറ ലിയോണിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുകയുമാണ് സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ സിയറ ലിയോണിന്റെ ഇന്ത്യയിലെ ഹൈകമ്മീഷണർ ഹിസ് എക്സലൻസി റാഷിദ് സെസായിയെയും അബുദാബിയിലെ സിയറ ലിയോൺ എംബസിയിലെ ഇൻഫർമേഷൻ അറ്റാഷെ ഉൾപ്പെടെയുള്ള നയതന്ത്ര പ്രതിനിധി സംഘത്തെയും ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ സ്വാഗതം ചെയ്തു.

ഇന്ത്യയുമായി മികച്ച വ്യാപാരബന്ധമാണ് സിയറ ലിയോണിനുള്ളതെന്ന് ഹൈകമ്മീഷണർ ഹിസ് എക്സലൻസി റാഷിദ് സെസായി പറഞ്ഞു. ഫാർമസ്യൂട്ടിക്കൽസ്, ഐടി വികസനം, വ്യാവസായിക വളർച്ച തുടങ്ങിയ പ്രധാന മേഖലകളിൽ അനന്ത സാധ്യതകളാണ് സിയറ ലിയോണിലുള്ളത്.

ഇവ ഇന്ത്യയിലെ വ്യാപാര സമൂഹത്തിനായി തുറന്നിടുകയാണ്. വ്യാപാര ബന്ധവും സാമ്പത്തിക സഹകരണവും ശക്തിപ്പെടുത്തുന്നത് ഇരുരാജ്യങ്ങൾക്കും നേട്ടമുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

നെഹ്റു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാനും മൗറീഷ്യസിലെ ട്രേഡ് കമ്മീഷണറുമായ ഡോ. കൃഷ്ണദാസ്, മലബാർ ഇന്നവേഷൻ ഓൺട്രപ്രണർഷിപ്പ് സിഇഒയും കേന്ദ്ര ആരോഗ്യ വകുപ്പ് മുൻ ഉപദേഷ്ടാവുമായ ഡോ. എ മാധവൻ, ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ, ആസിയാൻ ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ വർക്കി പീറ്റർ, കോമൺവെൽത്ത് ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ ദാവൂദ് സെയ്ത്, ഐ.ഇ.ടി.ഒ കോർപറേറ്റ് റിലേഷൻസ് ഡയറക്ടർ ബെൻസി ജോർജ് എന്നിവർ പങ്കെടുത്തു.

## കൊച്ചിയുടെ സാധ്യതകൾ സമ്മിറ്റ് ഓഫ് ഫ്യൂച്ചർ ഉയർത്തിക്കാട്ടുമെന്ന് ഇൻഫോപാർക്ക് സി.ഇഒ സുശാന്ത് കുറിന്തിൽ




**കൊച്ചി:** ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025 കൊച്ചിയുടെ സാധ്യതകൾ ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടുവാനുള്ള വേദിയാണെന്ന് ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. ജനുവരി 25 ന് ആരംഭിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന് മുന്നോടിയായി സംഘടിപ്പിച്ച സിഇഒ ലഞ്ചിയോണിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിലെ പാഠ്യ പദ്ധതിയും വ്യവസായ ആവശ്യകതയും തമ്മിലുള്ള വിടവ് നികത്തുന്നതിൽ പ്രധാന ശ്രദ്ധ കേന്ദ്രീകരിച്ച ലഞ്ചിയോണിൽ നിരവധി ഐടി കമ്പനികളിലെ വിദഗ്ധർ ഭാവിയെ കുറിച്ചുള്ള ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവെച്ചു. സമ്മിറ്റ് ഓഫ് ഫ്യൂച്ചർ പോലുള്ള പ്ലാറ്റ്ഫോമുകളുടെ ആവശ്യകത അനിവാര്യമാണെന്നും പ്രതിനിധി സംഘം അഭിപ്രായപ്പെട്ടു.

ഭാവിയെ രൂപപ്പെടുത്തുന്നതിനുള്ള ഇത്തരം സമ്മിറ്റുകൾ ഉൾക്കാഴ്ചകളും ട്രെൻഡുകളും പുതുമകളും പങ്കിടുന്നതിനും വ്യവസായ പ്രമുഖരെയും പ്രൊഫഷണലുകളെയും ബന്ധിപ്പിക്കുന്നതിനും സഹായകമാകും. ആഗോളതലത്തിലെ മികച്ച പ്രതിഭകളെ ആകർഷിക്കുന്ന രീതിയിൽ കൊച്ചിയെ കൂടുതൽ തൊഴിലുടമ സൗഹൃദ നഗരമാക്കേണ്ടതിന്റെ പ്രാധാന്യവും ലഞ്ചിയോണിൽ ചർച്ചയായി.വ്യവസായ, വിദ്യാഭ്യാസ മേഖലകളെ ശക്തിപ്പെടുത്തുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും സാങ്കേതികവിദ്യ വിദഗ്ധർ പറഞ്ഞു. പ്രമുഖ ഐടി കമ്പനികളായ ഇവൈ, ടിസിഎസ്, വിപ്രോ, ഐബിഎം, കെപിഎംജി, ഐബിഎസ് എന്നിവടങ്ങളിലെ പ്രമുഖർ പങ്കെടുത്തു

# നിരക്കുകളിൽ മാറ്റമില്ല; കെഫോൺ ഓഫറുകൾ തുടരും

KFON INTERNET - A BASIC RIGHT

**കൊച്ചി:** ടെലികോം മേഖലയിൽ തുടരുന്ന നിരക്കു വർധനയ്ക്കിടയിലും മാറ്റമില്ലാതെ കെഫോൺ താരിഫ്. മറ്റ് ബ്രോഡ്ബാൻഡ് സേവനദാതാക്കളെല്ലാം നിരക്കുകൾ വർധിപ്പിക്കുന്ന സാഹചര്യത്തിലും കെഫോൺ നിരക്കു വർധിപ്പിക്കാത്തതിന് പുറമേ ഓഫറുകൾ തുടരുകയും ചെയ്യുകയാണ്. 20 എം.ബി.പി.എസ് (സെക്കൻഡിൽ 20 എം.ബി) മുതൽ 300 എം.ബി.പി.എസ് (സെക്കൻഡിൽ 300 എം.ബി) വരെയുള്ള പ്ലാനുകളാണ് ഹോം കണക്ഷനുകൾക്ക് കെ ഫോൺ വാഗ്ദാനം ചെയ്യുന്നത്. 299 രൂപ മുതൽ 1499 രൂപ വരെയാണ് ഈ പാക്കേജുകളുടെ നിരക്ക്. വാണിജ്യ കണക്ഷനുകൾക്കായി ഉയർന്ന എം.ബി.പി.എസ് പാക്കേജുകളും കെഫോണിൽ ലഭ്യമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെ ഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു.

20 എം.ബി.പി.എസിന്റെ പ്ലാനിന് 299 രൂപയാണ് മാസനിരക്ക്. 1000 ജി.ബി വരെ അൺലിമിറ്റഡ് ഇന്റർനെറ്റ് ലഭിക്കും. 399 രൂപ പ്രതിമാസ നിരക്കിൽ ലഭിക്കുന്ന 40 എം.ബി.പി.എസ് പ്ലാനിൽ 3000 ജിബി വരെ അൺലിമിറ്റഡ് ഇന്റർനെറ്റ് ലഭിക്കും. 50 എം.ബി.പി.എസ് പാക്കിന് 449 രൂപയാണ് മാസ നിരക്ക്. ഇതിൽ 3500 ജി.ബി വരെ അൺലിമിറ്റഡ് ഇന്റർനെറ്റ് ലഭ്യമാകും. 75 എം.ബി.പി.എസ് പ്ലാനിൽ 499 പ്രതിമാസ നിരക്കിൽ 3500 ജിബി ഡാറ്റയാണ് ലഭിക്കുക. 599 രൂപയാണ് 100 എം.ബി.പി.എസ് പ്ലാനിന്റെ പ്രതിമാസ നിരക്ക്. 3500 ജിബി അൺലിമിറ്റഡ് ഡാറ്റ ഈ പ്ലാനിലും ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. 150 എം.ബി.പി.എസ് പ്ലാനിന്റെ പ്രതിമാസ നിരക്ക് 799 രൂപയാണ്. 200 എംബിപിഎസിന് 999 രൂപയും. ഈ രണ്ട് പ്ലാനുകളിലും 4000 ജിബി അൺലിമിറ്റഡ് ഡാറ്റ ഉപഭോക്താക്കൾക്ക് ലഭിക്കും. 300 എംബിപിഎസ് പ്ലാനിന്റെ പ്രതിമാസ നിരക്ക് 1499 രൂപയാണ്. 5000 ജിബി അൺലിമിറ്റഡ് ഡാറ്റയാണ് ഇതിൽ ലഭിക്കുക.

വിപണിയിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഹൈസ്പീഡ് ഇന്റർനെറ്റ് പ്ലാനുകൾക്ക് പുറമേ അധിക നേട്ടങ്ങളും ഉപഭോക്താക്കൾക്കായി കെ ഫോൺ വാഗ്ദാനം ചെയ്യുന്നുണ്ട്. 3 മാസത്തെ നിരക്കുകൾ ഒരുമിച്ച് നൽകിയാൽ 15 ദിവസത്തെ അധിക വാലിഡിറ്റിയും 6 മാസത്തെ നിരക്കുകൾ ഒരുമിച്ച് നൽകിയാൽ 30 ദിവസത്തെ അധിക വാലിഡിറ്റിയും 12 മാസത്തെ നിരക്ക് ഒരുമിച്ച് നൽകിയാൽ 60 ദിവസത്തെ അധിക വാലിഡിറ്റിയും ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. കെ ഫോൺ പ്ലാനുകളെയും ഓഫറുകളേയും കുറിച്ച് കൂടുതൽ അറിയുവാൻ കെ ഫോൺ വെബ്സൈറ്റായ https://kfon.in/ ൽ സന്ദർശിക്കാം.ഏറ്റവും കുറഞ്ഞ നിരക്കിൽ മികച്ച സേവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കെ ഫോണിന്റെ പ്രവർത്തനമെന്നും സാധാരണക്കാർക്ക് പ്രാപ്യമാകുന്ന നിരക്കുകളിലൂടെയും ആകർഷകമായ ഓഫറുകളിലൂടെയും കെഫോൺ കൂടുതൽ ജനകീയമാകുകയാണെന്നും ഡോ. സന്തോഷ് ബാബു പറഞ്ഞു.

